# കാർമ്മെൽ

ജൂലൈ 1956

ത്രൈമാസിക

CARMEL QUARTERLY



July 1956

# കാർമ്മൽ

വർഷം 9 പു. 9 | ജൂലൈ 1956 | ലക്കം 3


## സത്യവിശ്വാസത്തിനു നൽകിയ വില

ദക്ഷിണേന്ത്യൻ സഭ (The Church of South India) വളരെ പണിപ്പെട്ടു് ആംഗ്ലിക്കൻ സഭയുമായി ഒരു യോജിപ്പിലെത്തിയിട്ടുള്ള വിവരം പലർക്കും അറിയാമല്ലോ. അതനുസരിച്ചു് ദക്ഷിണേന്ത്യൻ സഭയിലെ പുരോഹിതന്മാരെ യഥാർത്ഥ പുരോഹിതന്മാരായി ആംഗ്ലിക്കൻ സഭ അംഗീകരിച്ചിരിക്കുന്നു. കാന്റർബറിയിൽ കൂടിയ സമ്മേളനത്തിലാണു് പരിമിതമായ ഈ സഭാഐക്യം ആവാമെന്നു തീരുമാനിച്ചതു്. പക്ഷേ ഈ തീരുമാനത്തിന്റെ പ്രത്യാഘാതങ്ങൾ അതെടുത്തവർ പ്രതീക്ഷിച്ചതുപോലെയല്ല വന്നുഭവിച്ചതു്. കൂടുതൽ ബലത്തിനുവേണ്ടിയുണ്ടാക്കിയ കൂട്ടുകെട്ടു് പലരേയും തങ്ങളുടെ സഭവിട്ടു് കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനു പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിനുദാഹരണമാണു് താഴെ വിവരിക്കുന്ന സംഭവം. (Cfr. Carmel (Ireland), March 1956, P. 12).

ജെയിംസ് ടാവെർനോർ–32 വയസ്സുപ്രായമുള്ള ഒരു യുവാവു്. അദ്ദേഹത്തിന്റെ പിതാവും സഹോദരനും ആംഗ്ലിക്കൻസഭയിലെ പുരോഹിതന്മാരും. അധികം നാളായില്ല ജെയിംസിനു ഡെർബിഷയറിൽ സ്വന്തമായി ഒരു പള്ളിയും, ഇടവകയും, ആളുകളും ലഭിച്ചിട്ടു്. അവിടെ തന്റെ യൗവ്വനയുക്തയായ ഭാര്യയും മൂന്നു കുഞ്ഞുങ്ങളും ഒന്നിച്ചു സുഖമായി ജീവിച്ചുകൊണ്ടു് തന്റെ ജോലി തുടരാനും കുടുംബത്തെ പുലർത്താനും പോരുന്ന സകല സൗകര്യങ്ങളുമുണ്ടു്. കുഞ്ഞുങ്ങളുടെ കാര്യം പറഞ്ഞാൽ, ഒന്നു് വെറും

COVER
Very Rev. Fr. Anastasius O. C. D.
Superior General
and
Very Rev. Fr. Thomas O. C. D.
Definitor General
of
The Discalced Carmelites

കൈക്കുഞ്ഞാണു്. അതിന്റെ മൂത്തതു് 'നാലുകാലേൽ' നടക്കുന്നു. ആദ്യജാതൻ അക്ഷരമാല പറിക്കാനേ ആരംഭിച്ചിട്ടില്ല.

കഴിഞ്ഞ വേനല്ക്കാലത്തു് ഒരു സായാഹ്നത്തിൽ ദക്ഷിണേന്ത്യൻ സഭയുടെ പൗരോഹിത്യത്തെ ആംഗ്ലിക്കൻസഭ അംഗീകരിക്കുന്നു എന്ന വാർത്ത റേഡിയോ വഴി കേട്ടപ്പോൾ ടാവെർനോറിരുവരും സ്തംഭിച്ചുപോയി. ദക്ഷിണേന്ത്യൻസഭ ഒരു യഥാർത്ഥ സഭയാണോ? അതു് ഒരു വെറും കൂട്ടുകെട്ടല്ലേ? തെക്കേ ഇൻഡ്യയിലെ അകത്തോലിക്കാസഭകളെല്ലാം കൂടിച്ചേർന്ന ഒരു കൗതുകസൃഷ്ടിയത്രേ അതു്. ഇവയിൽ വൈദികസ്ഥാനത്തിനു് ഒരു വിലയും കല്പിക്കാത്ത വിഭാഗങ്ങളും ഉണ്ടു്. ദക്ഷിണേന്ത്യൻസഭയിലെ പൗരോഹിത്യം ഇനിമേൽ ആംഗ്ലിക്കൻസഭയും അംഗീകരിക്കുന്നു എന്നു വന്നാൽ, തങ്ങളുടെ ഉത്കൃഷ്ടം ശ്ലൈഹികപിന്തുടർച്ചാവകാശത്തിൽ അധിഷ്ഠിതമാണെന്നു വാദിക്കുന്ന ആംഗ്ലിക്കന്മാരുടെ നിലപാടു് എങ്ങിനെ നീതീകരിക്കും?

ഈ ചോദ്യം ടാവെർനോറിനെപ്പോലെ ആത്മാർത്ഥതയുള്ള പലരേയും അലട്ടിയതിൽ ആശ്ചര്യത്തിനവകാശമില്ല. മനസ്സാക്ഷിയെ വിലമതിക്കുന്നെങ്കിൽ ഇനിമേലിൽ തങ്ങളുടെ സ്ഥാനം കത്തോലിക്കാസഭയിലാണെന്നു് ജെയിംസും ഭാര്യയും നിശ്ചയിച്ചു. അവർ അന്യോന്യം ഇതേപ്പററി ഒന്നും സംസാരിച്ചില്ലെങ്കിലും, വാക്കുകളേക്കാൾ കൂടുതലായി അവരുടെ ഹൃദയങ്ങൾ ആശയവിനിമയം ചെയ്യുന്നുണ്ടെന്നു മുഖത്തു കാണാമായിരുന്നു.

"നമുക്കു തോട്ടത്തിലൊന്നു നടക്കാൻപോകാം" എന്നു പറഞ്ഞുകൊണ്ടു് ഭാര്യ ഭർത്താവിനെ ക്ഷണിച്ചു. ഭിത്തികെട്ടി ഭദ്രമായി അടച്ചിരുന്ന തോട്ടം ആദ്യം മുതലേ അവരുടെ ആനന്ദനികേതമായിരുന്നു. തങ്ങളുടെ അഭിരുചിക്കനുസൃതമായി അതിനെ ക്രമീകരിച്ചുവരികയായിരുന്നു അവർ. ചെറുവഴികളുടെ ഇരുവശങ്ങളിൽ ഭംഗിയായി വച്ചുപിടിപ്പിച്ചിരുന്ന വിശേഷതരത്തിലുള്ള റൂച്ചെടികൾ വളർന്നു പുഷ്പിച്ചുതുടങ്ങിയിരുന്നു. അവർ അതെല്ലാം ചുററിനടന്നു നോക്കി.

"ഇവയെല്ലാം ഉപേക്ഷിച്ചിട്ടു് പോകുക സാധ്യമോ? യുക്തിഹീനമല്ലേ അപ്രകാരം ചെയ്യുന്നതു?" ഒരാൾ മറെറാരാളോടു ചോദിച്ചു.

മനുഷ്യസ്വഭാവത്തിന്റെ ഇത്തരം ചോദ്യങ്ങൾക്കു് എന്തുത്തരം നൽകണമെന്നു് രണ്ടുപേക്കും അറിയാമായിരുന്നു. അതിനാൽ ചോദിച്ചയാൾ തന്നെ പ്രത്യുത്തരം പ്രതീക്ഷിച്ചിരുന്നില്ല.

അനന്തരം അവർ വീട്ടിനകത്തേയ്ക്കു പോയി, രണ്ടാംനിലയിൽ കുട്ടികൾ ഉറങ്ങിക്കിടന്നിരുന്ന കട്ടിലിനടുത്തു ചെന്നുനിന്നു. നിദ്രയിലാണ്ടുകിടക്കുന്ന നിഷ്കളങ്കരായ പിഞ്ചുപൈതങ്ങൾക്കു മനുഷ്യാത്മാവിനെ വികാരനിർഭരമാക്കാൻ ഒരു വിശേഷശക്തിയുണ്ടു്. ജെയിംസും ഭാര്യയും കുറച്ചുസമയം കുഞ്ഞുങ്ങളെ നിർന്നിമേഷരായി നോക്കിനിന്നതിന്റെ ശേഷം അന്യോന്യം ചോദിച്ചുപോയി. "ന്യായമാണോ നാം ഇവരുടെ ഭാവിമുഴുവൻ ആപത്തിലാക്കുന്നതു്? അവക്കു കരഗതമായിരിക്കുന്ന സുഭദ്രത നിരസിക്കുന്നതു്? അജ്ഞാതമായ ഭാവിയെ നമ്മോടു കൂടി അഭിമുഖീഭവിക്കുന്നതിനു് അവരെ നിർബന്ധിക്കുന്നതു്?"

പ്രലോഭനപരമായ ഈ ചിന്തയും അവർ മനസ്സിൽ വച്ചു പുലത്താതെ ഭാവി മുഴുവൻ ദൈവതൃക്കരങ്ങളിൽ സമപ്പിച്ചുകൊണ്ടു് ഉടനെതന്നെ വീരോചിതമായ ഒരു തീരുമാനത്തിലെത്തി—ജോലി രാജിവച്ചു് കത്തോലിക്കാസഭയെ ആശ്ലേഷിക്കുകതന്നെ. തീരുമാനം കൊണ്ടു് തൃപ്തിപ്പെടാതെ താമസംവിനാ അതു പ്രവൃത്തിയിൽ വരുത്തുകയും ചെയ്തു അവർ.

അപ്പോഴാണു് ജീവിതപ്രശ്നങ്ങൾ ഓരോന്നു് അവരെ നേരിട്ടുതുടങ്ങിയതു്. എവിടെതാമസിക്കും? എന്തു ജോലി ചെയ്തു കാലക്ഷേപം കഴിക്കും? തങ്ങൾ സുഖമായി താമസിച്ചിരുന്ന വീടുവിട്ടു കുട്ടികളോടും വീട്ടുസാമാനങ്ങളോടും കൂടി പുറത്തിറങ്ങിയ ടാവെർനോർ ദമ്പതിമാക്കു് അന്നെവിടെ കിടന്നുറങ്ങും എന്നുപോലും അറിയാൻ പാടില്ലായിരുന്നു. അത്ര അനിശ്ചിതവും അന്ധകാരനിബിഡവുമായ ഭാവിയിലേയ്ക്കായിരുന്നു അവർ കണ്ണുമടച്ചു് കാലുകുത്തിയതു്.

മാനസാന്തരപ്പെടുന്നവരെ സഹായിക്കുന്ന ഒരു സംഘം അവക്കു തൽക്കാലത്തേക്കു് ഇംഗ്ലണ്ടിന്റെ തെക്കുഭാഗത്തു ഒരു വീടു് ഏപ്പാടു ചെയ്തുകൊടുത്തു.

ജെയിംസിനാണെങ്കിൽ ആംഗ്ലിക്കൻ സഭാസേവനപരിശീലനമല്ലാതെ മറെറാരു ജോലിയും വശ

# മേരി, ഭവനറാണി

(റവ. ഫാദർ തോമസ്സ് മൂത്തേടൻ എം. എ; ഡി. ഡി.)

കുടുംബം ഒരു ചെറിയ പ്രാർത്ഥനാലയമാണ്, ദൈവഭവനമാണ്. ഈ വസ്തുത നാം മനസ്സിലാ



(ലേഖകൻ)

ക്കുകയാണെങ്കിൽ മതാഭ്യസനങ്ങൾ ഞായറാഴ്ചദിവസത്തേക്കോ ഇടവകപ്പള്ളിയിൽ നടക്കുന്ന ചില പ്രത്യേക തിരുനാൾ ദിവസങ്ങളിലേക്കോ മാത്രം മാററിവെക്കുകയില്ല. ഈശോയുടെ തിരുഹൃദയത്തിനുള്ള കുടുംബപ്രതിഷ്ഠയുടെ പരമമായ ഉദ്ദേശം ഈ ബോധം കുടുംബാംഗങ്ങളിൽ ഉറപ്പിക്കുക എന്നുള്ളതാണ്. "മറിയംവഴി ഈശോയിലേക്ക്" എന്നാണല്ലോ നമ്മുടെ മുദ്രാവാക്യം. തന്മൂലം മറിയത്തിന്റെ വിമലഹൃദയത്തിനുള്ള കുടുംബപ്രതിഷ്ഠയും പ്രചാരത്തിൽ വരികയാണ്.

1948-ൽ പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പ ലോകം മുഴുവനും മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു. തദവസരത്തിൽ അവിടുന്ന് ഇങ്ങനെ ആഹ്വാനം ചെയ്തു. "സന്ദർഭം വരുമ്പോൾ എല്ലാ രൂപതകളിലും ഇടവകകളിലും എന്നുവേണ്ട, എല്ലാ ഭവനങ്ങളിലും ഇതേ പ്രതിഷ്ഠ നവീകരിക്കണമെന്നാണു നമ്മുടെ താൽപര്യം...............നമ്മുടെ ആഹ്വാനമനുസരിച്ച് അങ്ങനെ ചെയ്യുന്നവർക്കെല്ലാം ഹൃദയപൂർവ്വം ശ്ലൈഹികമായ നമ്മുടെ ആശീർവ്വാദം നൽകുന്നു."

ഈശോയുടെ തിരുഹൃദയത്തോടുള്ള യഥാർത്ഥ ഭക്തിയിൽ മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തി ഉൾക്കൊള്ളുന്നുണ്ട്. ദൈവവരപ്രസാദവിഭജനത്തിൽ മറിയം വഹിക്കുന്നഭാഗം എത്രമാത്രമെന്ന് അനുസ്യൂതം തിരുസ്സഭ നമ്മെ അനുസ്മരിപ്പിച്ചുകൊ

---

മില്ല. അദ്ദേഹത്തിന്റെ വേദശാസ്ത്രബിരുദം ഇതര ജോലികൾ ലഭിക്കാനുള്ള സർട്ടിഫിക്കേററായി ആരും ഗണിക്കയുമില്ല.

സത്യവിശ്വാസത്തെപ്രതി തന്നെയും ഭാര്യയേയും കുഞ്ഞുങ്ങളേയും ഇത്ര ദയനീയമായ സ്ഥിതിയിലാക്കിയിരിക്കുന്ന ഒരു മനുഷ്യൻ ആ വിശ്വാസത്തെ എത്രമാത്രം വിലമതിക്കുന്നു എന്നു നോക്കുക 'ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ എന്തു ഫലം?' നേരേമറിച്ച് ആത്മാവ് രക്ഷപെട്ടാൽ മററു നഷ്ടങ്ങളും ത്യാഗങ്ങളും എത്ര നിസ്സാരം!

കണ്ണുള്ളപ്പോൾ കാഴ്ച അറിയുന്നില്ല എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. നമുക്കു ലഭിച്ചിരിക്കുന്ന സത്യവിശ്വാസം എമ്മാത്രം വിലയേറിയതെന്ന് നാം അവഗാഢം ചിന്തിക്കുന്നില്ല. വിശ്വാസവെളിച്ചം കാണാത്ത ലക്ഷോപലക്ഷം ആളുകൾ ഇന്നു ഭൂമുഖത്തുണ്ട്. അക്കൂട്ടത്തിൽ നാമുൾപ്പെടുന്നില്ലെങ്കിൽ അതു് ദൈവത്തിന്റെ പ്രത്യേക അനുഗ്രഹം കൊണ്ടുമാത്രം. അവിടുന്നു നല്കിയിരിക്കുന്ന ഈ ദിവ്യവെളിച്ചം പറയുടെ അടിയിൽവച്ചു കെടുത്തിക്കളയാനുള്ളതല്ല. സൽപ്രവൃത്തികളാകുന്ന തണ്ടിന്മേൽനിന്നതുശോഭിക്കണം; കത്തുന്ന ദീപംപോലെ, യാതൊരു നാട്യവുംകൂടാതെ ചുററുമുള്ളവരെ പ്രകാശിപ്പിക്കണം. സജീവവിശ്വാസചൈതന്യം നമ്മുടെ അനുദിനജീവിതചെയ്തികളെ ആസകലം ഉജ്ജീവിപ്പിക്കുമ്പോൾ, നാമറിയാതെ തന്നെ വിശ്വാസദീപ്തി നമ്മുടെ ചുററും പ്രസരിച്ചുകൊള്ളും.

ണ്ടാണിരുന്നിട്ടുള്ളതു്. പ്രഥമ പിതാക്കന്മാരോടു ചെയ്ത വാഗ്ദാനം മുതൽ ലോകത്തിനു പ്രദാനംചെയ്തിട്ടുള്ള അനുഗ്രഹങ്ങളെല്ലാം ഭാഗ്യപ്പെട്ട കന്യകാമറിയത്തിന്റെ സഹകരണത്തിലും കൂടെയാണു നല്കപ്പെട്ടിട്ടുള്ളതെന്നുപറയാം. ആത്മരക്ഷയെ സംബന്ധിക്കുന്ന ഏതൊരു നല്ല വിചാരവും ആഗ്രഹവും പ്രലോഭനവിജയവും മറിയംവഴി ലഭിക്കുന്ന അനുഗ്രഹമാണു്. വിശ്വാസികളാരും ഈശോയിൽനിന്നു ദൈവമാതാവിനെ വേർതിരിക്കുന്നില്ല. അവരുടെ അധരങ്ങളിൽ ഈശോയുടേയും മറിയത്തിന്റെ നാമം ഒരുമിച്ചാണുവരുന്നതു്. ലോകത്തിൽ ഏതുഭാഗത്താണു കന്യകാമറിയത്തെ സ്തുതിക്കുവാനുള്ള സംഘങ്ങളില്ലാത്തതു്? ഈശോയുടെ ബലിപീഠത്തിനുസമീപം ദൈവമാതാവിന്റെ പീഠമില്ലാത്ത ഒരു കത്തോലിക്കാ ദൈവാലയമുണ്ടോ? ദൈവമാതൃഭക്തിയിൽ മികച്ചുനില്ക്കാത്ത, അഥവാ സുന്ദരമായ ഒരു ശൈലിപ്രയോഗിക്കുന്നപക്ഷം, മറിയാസുതരല്ലാത്ത പുണ്യവാന്മാരുണ്ടോ?

ഈശോയ്ക്കുള്ള സ്ഥാനനാമങ്ങൾ അവിടുത്തെ അമ്മയ്ക്കും യഥാതഥംപ്രയോഗിക്കപ്പെടുന്നുണ്ടു്. ഈശോ രാജാവാണെങ്കിൽ മറിയം രാജ്ഞിയാണു്. ഈശോ നമ്മുടെ മദ്ധ്യസ്ഥനാണെങ്കിൽ, മറിയം നമ്മുടെ മദ്ധ്യസ്ഥയാണു്. ഈശോ നമ്മുടെ രക്ഷകനാണെങ്കിൽ മറിയം നമ്മുടെ ശരണമാണു്. ഈശോയോടുള്ള ഭക്തിക്കു തുല്യമായ ഒരു ഭക്തി മറിയത്തോടും ഉണ്ടായിക്കൊണ്ടാണിരുന്നിട്ടുള്ളതു്. ഓരോ തിരുനാളുതന്നെ വീക്ഷിക്കുക. വി. കുർബാനയുടെ തിരുനാളിന്റെ എട്ടാംനാൾ ഈശോയുടെതിരുഹൃദയത്തിരുനാളാണെങ്കിൽ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണത്തിരുനാളിന്റെ എട്ടാംദിനമാണു വിമലഹൃദയത്തിന്റെ തിരുനാൾ. ഒക്ടോബറിലെ അവസാനഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാളാണെങ്കിൽ മേയ്മാസത്തിലേ അന്തിമഘട്ടം മേരീറാണിയുടെ തിരുനാൾ കൊണ്ടാടുന്നു.

ഇങ്ങനെ മനുഷ്യരക്ഷണകൃത്യത്തിൽ മറിയം വഹിക്കുന്ന ഭാഗം പലവിധത്തിൽ നമ്മുടെ മുമ്പിൽ തിരുസ്സഭ നിരത്തിവയ്ക്കുന്നു. നമ്മുടെ അനുദിനകാര്യങ്ങളിലും ആദ്ധ്യാത്മികജീവിതത്തിലും എത്ര വലിയ ഒരു ഭാഗമാണു് അവിടുന്നു വഹിക്കുന്നതു്? മറിയത്തിന്റെ വിമലഹൃദയത്തിന്റെ തിരുനാളിനു നിർദ്ദേശിച്ചിരിക്കുന്ന പ്രവേശനാർത്ഥനയിൽ (Introit) മറിയത്തിന്റെ ഹൃദയത്തിലും അവിടുത്തെ റാണീപദത്തിലും ശരണംവയ്ക്കുവാൻ ഒരാഹ്വാനം നമുക്കു നല്കിയിരിക്കുന്നു: "കാലോചിതമായ സഹായവും കൃപയും കണ്ടെത്തുന്നതിനു പ്രസാദവരത്തിന്റെ സിംഹാസനത്തെ പ്രത്യാശയോടെ നമുക്കു സമീപിക്കാം."

സെൻറു കാഥറിൻ ലബൂർ എന്ന പുണ്യവതിക്കു് ദൈവമാതാവുതന്നെ വെളിപ്പെടുത്തിയ അത്ഭുത കാശുരൂപത്തിൽ ഈശോയുടേയും മറിയത്തിന്റേയും ഹൃദയങ്ങൾ ഒരുമിച്ചു കാണാം. തൻമൂലം ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിയുടെ മുന്നോടിയായി മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തി നമുക്കു കാണാൻ കഴിയും. കുടുംബപ്രതിഷ്ഠയുടെ പ്രേഷിതനായ ഫാദർ മാത്യു ക്രൗളി 1914-ൽ ഇപ്രകാരമെഴുതുകയുണ്ടായി—"എല്ലാ പ്രേഷിതവേലകളും ഫലസമൃദ്ധമാകുന്നതിനു് കന്യകാമറിയത്തോടുകൂടെ ആരംഭിക്കണം. അവിടുന്നു നമുക്കു മാർഗ്ഗമാണു്; അവിടുന്നു് നമ്മെ കൈപിടിച്ചു് ഈശോയിലേയ്ക്കു് ആനയിക്കുന്നു. അവിടുത്തെ ഹൃദയം അവിടുത്തെ സുതന്റെ ഹൃദയത്തെ നമുക്കു തരുന്നു............ അതിനാലാണു് കുടുംബപ്രതിഷ്ഠാകർമ്മത്തിൽ മറിയത്തിന്റെ തിരുനാമം പലപ്രാവശ്യം ചേർത്തിട്ടുള്ളതും അവിടുത്തെ വിമലഹൃദയത്തിന്റെ സ്തുതിക്കായി അന്ത്യത്തിൽ 'രാജകന്യകേ' എന്ന നമസ്കാരം ചൊല്ലുന്നതും." 1916-ൽ അദ്ദേഹം വീണ്ടും ഇപ്രകാരമെഴുതി: "മറിയത്തിന്റെ അപേക്ഷയ്ക്കു വിധേയമായി ഈശോ തന്റെ മണിക്കൂർ മുന്നോട്ടേയ്ക്കു നീക്കുന്നു. ഈശോയുടെ തിരുഹൃദയത്തിന്റെ വാഴ്ച മറിയത്തെപ്പോലെ വേറെ ആരും അഭിലഷിക്കുന്നില്ല........ആകയാൽ അപ്രമാദമായ വിജയം അഭിലഷിക്കുന്നെങ്കിൽ, മറിയത്തോടുകൂടെയും മറിയം വഴിയും നമുക്കു പ്രാർത്ഥിക്കാം; പരിശ്രമിക്കാം. ഈശോയുടെ വാഴ്ച ത്വരിതപ്പെടുന്നതിനു് മറിയത്തിന്റെ വാഴ്ച വേഗം വരട്ടെ എന്നു തീവ്രമായി നമുക്കു് ആശിക്കാം. തിരുഹൃദയത്തിനു നമ്മുടെ കുടുംബങ്ങളെ പ്രതിഷ്ഠിക്കുമ്പോൾ ഈശോയ്ക്കു നൽകുന്ന സ്വീകരണകർമ്മത്തിൽ ചേരുവാൻ മറിയത്തേയും നാം ക്ഷണിക്കണം. അങ്ങനെ ചെയ്താൽ കാനായിലെ അനുഗ്രഹങ്ങൾ നമുക്കുവേണ്ടി ആവർത്തിക്കപ്പെടും." 1922-ൽ ഫാദർ മാത്യു ഇങ്ങനെയും എഴുതി: "തിരുഹൃദയത്തിന്റെയും തിരുസ്സഭയുടെയും

താല്പര്യമനുസരിച്ചു സ്നേഹരാജനെ ബഹുമാനിക്കുവാൻ തന്റെ സുതന്റെ പാർശ്വത്തിൽ പ്രിയപ്പെട്ട മേരിറാണിയേയും നാം വിളിച്ച് അപേക്ഷിക്കണം, രക്ഷണകൃത്യത്തിൽ അവരെ വേർതിരിക്കാവുന്നതല്ല.”

ആകയാൽ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചിരിക്കുന്ന കുടുംബങ്ങളെല്ലാം മറിയത്തിന്റെ വിമലഹൃദയത്തിനും പ്രതിഷ്ഠിച്ച് ഓരോ കുടുംബവും ഒരു മരിയൻ പ്രാർത്ഥനാലയമായിത്തീരണം. മേയ്മാസത്തിൽ ഏതെങ്കിലുംദിവസം പ്രത്യേകിച്ച് ദൈവമാതാവിന്റെ രാജ്ഞീപദത്തിരുനാളായ മേയ് 31-ാം തീയതിയോ



വിമലഹൃദയത്തിരുനാളായ ആഗസ്റ്റ് 22-ാം തീയതിയോ ഇതിനു പററിയ ദിവസമാണ്. തിരുഹൃദയത്തിന്റെ പ്രതിഷ്ഠാനവീകരണം നടത്തുന്നതുപോലെ ചെയ്താൽമതി. മറിയത്തിന്റെ വിമലഹൃദയത്തിന്റെ ചിത്രം പ്രാർത്ഥനമുറിയിൽ അലങ്കരിച്ചുവയ്ക്കുക. കുടുംബാംഗങ്ങളെല്ലാവരും സൗകര്യമുണ്ടെങ്കിൽ വി. കുർബാന സ്വീകരിക്കുകയും സന്ധ്യാനമസ്കാരത്തിന്റെ സമയത്ത് കുടുംബനായകൻ പ്രതിഷ്ഠാജപം വായിക്കുകയും എല്ലാവരുംചേർന്നു ചൊല്ലുകയും ചെയ്താൽമതി. പ്രതിഷ്ഠാജപത്തിന്റെ അവസാനത്തിൽ ഒരു ദൈവമാതൃഗീതവും അനന്തരം തിരുഹൃദയപ്രതിഷ്ഠാനവീകരണവും ജപമാലയും മററും നടത്തുന്നത് ഉചിതമായിരിക്കും. ഇതൊരു നിർദ്ദേശമെന്നു മാത്രമേയുള്ളു. ഇക്കാര്യങ്ങളിൽ വൈദികമേലദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങളുണ്ടാകുന്നതുവരെ ഓരോരുത്തരുടേയും ഭക്തി പ്രേരിപ്പിക്കുന്നതുപോലെ ചെയ്യാവുന്നതാണ്.

മറിയത്തിന്റെ വിമലഹൃദയത്തിനുള്ള പ്രതിഷ്ഠ അവിടുന്നുതന്നെ ആവശ്യപ്പെട്ടിരിക്കുന്നതാണ്. ഫാത്തിമായിൽ ദൈവമാതാവു പ്രത്യക്ഷപ്പെട്ട സന്ദർഭത്തിൽ നരകം കാണിച്ചുകൊടുത്തതിനുശേഷം ആ മൂന്നു കുട്ടികളോട് ഇപ്രകാരം പറഞ്ഞു: “പാപികൾ പോകുന്ന സ്ഥലം നിങ്ങൾ കണ്ടല്ലോ. അവരെ രക്ഷിക്കുന്നതിനായി എന്റെ വിമലഹൃദയത്തോടുള്ള ഭക്തി കർത്താവ് സ്ഥാപിക്കുവാൻ പോകയാണ്. മാസത്തിന്റെ ആദ്യശനിയാഴ്ചകളിൽ പാപപരിഹാരാർത്ഥം ദിവ്യകാരുണ്യസ്വീകരണം നടത്തുന്നതിനും എന്റെ വിമലഹൃദയത്തിനു ലോകത്തെ പ്രതിഷ്ഠിക്കുവാനും ഞാൻ ആവശ്യപ്പെടുന്നു. എന്റെ അഭ്യർത്ഥന സ്വീകരിക്കുകയാണെങ്കിൽ റഷ്യ മാനസാന്തരപ്പെടും സമാധാനമുണ്ടാകും. അല്ലാത്തപക്ഷം ലോകമാസകലം തിരുസ്സഭക്കെതിരായി മർദ്ദനങ്ങളും അവയ്ക്കു മീതെ ദുഷ്ടമായ പ്രചരണങ്ങളും നടക്കും?

ഈ പ്രവചനത്തിന്റെ ഒരു വലിയ ഭാഗം നടന്നു കഴിഞ്ഞുവെന്നു നമുക്കു കാണാമല്ലോ. ആകയാൽ നമുക്കു ഉണർന്നു പ്രവർത്തിക്കാം. “എന്റെ വിമലഹൃദയം അവസാനം വിജയം വരിക്കും” എന്ന കന്യകാ മറിയത്തിന്റെ വാഗ്ദാനം അനുസ്മരിച്ച് നമുക്കു ഓരോരുത്തർക്കും പാടുള്ളതു ചെയ്യാം. നമ്മുടെ കഴിവനുസരിച്ചു നാമെല്ലാം പ്രവർത്തിക്കുകയാണെങ്കിൽ വിജയമണിക്കൂർ അടിക്കാതിരിക്കുകയില്ല.

# മനുഷ്യസ്നേഹി

(വിദ്വാൻ എൻ. കെ. ജാൺ ബി. ഏ.)

മനുഷ്യസമുദായം ഉത്കർഷം പ്രാപിക്കാൻ അവിശ്രമം പരിശ്രമിക്കുന്നു. ഉത്കർഷപ്രാപ്തിക്കായുള്ള പരിശ്രമമാകട്ടെ നാനാമുഖമായി രൂപം കൊള്ളുന്നു. ചിലരുടെ പ്രവർത്തനപരിപാടി നിരീക്ഷണം



ലേഖകൻ

ചെയ്താൽ മനുഷ്യൻ ശരീരം മാത്രമായുള്ള ഒരു ജീവിയാണെന്നു തോന്നിപ്പോകും. മററു ചിലരുടെ കൃത്യപരിസരണി സമീക്ഷണം ചെയ്യുകയാണെങ്കിൽ മനുഷ്യന് ആത്മാവുമാത്രമേ ഉള്ളൂ എന്നു തോന്നാതിരിക്കുകയില്ല. ശരീരവും ആത്മാവും ജീവപര്യന്തം അഭേദ്യമായ ബന്ധം പുലർത്തുകയാണല്ലോ ചെയ്യുന്നതു്. ഒന്നു മറെറാന്നിനെ ആശ്രയിക്കാതെ, അഥവാ ആത്മശരീരങ്ങൾ ആധേയാധാരഭാവത്തിൽ സ്ഥിതിചെയ്യാതെ മനുഷ്യനു ജീവധാരണം സാധ്യമല്ല. തന്നിമിത്തം ആത്മശരീരങ്ങളിൽ ഒന്നിനെയും അഗണ്യകോടിയിൽ വെടിയാൻ പാടില്ല.

'ശരീരമാദ്യം ഖലുധർമ്മസാധനം' എന്ന മഹദ്വാക്യം പഴയതാണെങ്കിലും അതിന് ഇന്നും ഒരു പുതിയ ജീവനുണ്ടു്. ധർമ്മനിർവഹണത്തിനു ശരീരത്തിനുള്ള പ്രഥമമായ പ്രാധാന്യം ഉൾക്കൊള്ളുന്ന ഒരാപ്തവാക്യമാണതു്. 'ചുവരുണ്ടെങ്കിലേ ചിത്രമെഴുതാവൂ' എന്ന പഴമൊഴിയിൽ മേലുദ്ധരിച്ച വാക്യത്തിന്റെ ആന്തരാർത്ഥം അടങ്ങിയിരിക്കുന്നു. കർത്തവ്യനിരതരായിത്തീരാനുള്ള യോഗ്യത കൂടുതലുള്ളതു് സാമാന്യദൃഷ്ട്യാ ശരീരസ്വാസ്ഥ്യമുള്ളവർക്കുതന്നെയാണു്. ശരീരാസ്വാസ്ഥ്യമുള്ളവർക്ക്—രോഗപീഡിതർക്ക് ധർമ്മതത്പരരാകാൻ അത്ര എളുപ്പമില്ലല്ലോ

'ആരോഗ്യമാന്നൊരുദിനം മമ കിട്ടുമെങ്കി-
ലീരാജരാജനില ഞാൻ തൃണമായ് ഗണിക്കും'

എന്നാണു് ഒരു സമ്രാട്ടിന്റെ അനുഭവരസം തുളുമ്പുന്ന വാക്യാമൃതം. ഇതിലൂടെ അരോഗതയുടെ താരതമ്യരമ്യമായ കാമ്യഭാവം പ്രകടമായി കാണാം.

ശാരീരികമായ അവശതകൾ പലവിധത്തിൽ ഭവിക്കുന്നുണ്ടു്. രോഗവും ദാരിദ്ര്യവുമാണു് ശരീരപീഡനവിഷയത്തിൽ മുൻഗണന അർഹിക്കുന്നതു്. രോഗം ദാരിദ്ര്യത്തിന്റെയും, ദാരിദ്ര്യം രോഗത്തിന്റെയും ഉററസഖാവാകുന്നു. ഈ സഖാക്കൾ ഗാഢമായ സമ്പർക്കം പുലർത്തി നരകുലത്തെ നാശകൂപത്തിലേക്കു നയിക്കുന്നു. അതിനാൽ ഈ ഉററസഖാക്കളെ ഉച്ചാടനം ചെയ്യുകയാണു് മനുഷ്യസമുദായത്തെ ഉദ്ധരിക്കാൻ ഉദ്യമിക്കുന്നവരുടെ ആദ്യമായ കൃത്യം. മഹാനുഭാവന്മാരായ സമുദായപരിഷ്കർത്താക്കൾ പ്രസ്തുതകൃത്യം സ്തുത്യർഹമായി നിർവഹിച്ചിട്ടുണ്ടു്. തന്മൂലം സമുദായം ഉത്കർഷം പ്രാപിച്ചിട്ടുമുണ്ടു്. ശരീരസംരക്ഷണത്തിനായുള്ള പരിശ്രമങ്ങളിൽ വിജയപതാക പാറിക്കാൻ മനുഷ്യസമുദായം ഇന്നു ഉണർന്നുപ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും ആശാസ്യമായ ഫലം കരഗതമാകുന്നതായി കാണുന്നില്ല.

ആത്മാവിനെ മനുഷ്യൻ മറന്നിരിക്കയാണെന്നു തോന്നുമാറാണു് മാനവസമുദായം ആത്മരക്ഷണത്തിൽ പരാങ്മുഖമായിരിക്കുന്നതു്. ഈ പരാങ്മുഖത ഒരിക്കലും നരകുലോദ്ധാരണത്തിനു പര്യാപ്തമല്ല. ആത്മപ്രബുദ്ധതയുണ്ടാകുന്നെങ്കിലല്ലാതെ മർത്ത്യവംശത്തിനു ശോഭനമായ ഭാവിയുണ്ടാകാൻപോ

കുന്നില്ല. ആത്മപ്രബുദ്ധത പ്രകാശമാനമാകാൻ മനുഷ്യരിൽ കുടികൊള്ളുന്ന ധാർമ്മികശക്തി വികസിക്കാതെ ശക്യമല്ല. ധാർമ്മികശക്തികളെ ഉജ്ജീവിപ്പിക്കേണ്ടതു് മനുഷ്യരിൽതന്നെ അക്ഷയമായി അലകളിളക്കിക്കൊണ്ടിരിക്കുന്ന സ്നേഹസരസ്സായ ഹൃദയമാണു്. സ്നേഹമുകുളം മുരടിച്ചുപോകാതെ വിടർന്നു വാടാമലരായി പകരുമ്പോഴാണു് മനുഷ്യരിൽ മനുഷ്യത്വം പൊൽപ്രഭവീശി ഉയരുന്നതു്. ഈ മനുഷ്യത്വോദയം മനുഷ്യവർഗ്ഗത്തിന്റെ ഭാസുരമായ ഭാവിയുടെ പുലരിയത്രേ. നിസ്വാർത്ഥസ്നേഹത്തിന്റെ നിറകുടങ്ങളായി പരിലസിക്കുന്ന മനുഷ്യസ്നേഹികളാണു് ഇന്നും എന്നും മാനവവംശപരിത്രാണത്തിനു് അവശ്യം ആവശ്യകം. 'ആത്മവൽ സർവ്വഭൂതാനി' എന്ന സൂക്തി എത്ര അനവദ്യസുന്ദരം! എത്ര അഭൗമസുരഭിലം! എത്ര സഹൃദയഹൃദ്യം! പ്രസ്തുത സൂക്തിയുടെ സംപൂർണ്ണഭാവം വിശാലമായ ആകാശംപോലെ പരപ്പേറിയതാണെങ്കിലും അതിൽ അന്തർഭവിച്ചിരിക്കുന്ന സാരതരമായ തത്വം സ്വയം സ്നേഹിക്കുന്നതുപോലെ പരസ്നേഹം പ്രകാശിപ്പിക്കണമെന്നുള്ളതാണു്.

ലോകം ധാർമ്മികശക്തികളെ പലതരത്തിലും കുരുതികഴിക്കുന്നു. മനുഷ്യന്റെ സ്വാർത്ഥപ്രതിപത്തി ധാർമ്മികശക്തിയുടെ നാരായവേരു തോണ്ടുന്നു. അഹങ്കാരപ്രമത്തത കൊടുങ്കാററുപോലെ അതിനെ അടിച്ചുലയ്ക്കുന്നു. ഉച്ചാഭിലാഷം അതിനെ നിലംപതിപ്പിക്കുന്നു. പ്രതികാരതത്പരത അതിനെ തകർത്തു തരിപ്പണമാക്കുന്നു. ഇങ്ങനെ സ്വാർത്ഥതയും അഹങ്കാരവും അത്യാഗ്രഹവും പ്രതികാരവും മനുഷ്യത്വത്തെ—മനുഷ്യന്റെ ധാർമ്മികശക്തികളെ—തകിടം മറിച്ചു തട്ടിത്തകർത്തുകളയുന്നു.

മനുഷ്യനു് മനുഷ്യരൂപം മാത്രം പോര. മനുഷ്യത്വം അവനു് അത്യന്താപേക്ഷിതമാണു്. മനുഷ്യത്വമില്ലാത്ത മനുഷ്യൻ ജീവച്ഛവമാണു്. അവൻ സദാ മാരകമായ ദുർഗ്ഗന്ധം വമിക്കുന്നു, ധാർമ്മികശക്തികളെ ശ്വാസം മുട്ടിച്ചു കൊല്ലാൻ. അവൻ കേവലം ഹിംസ്രജന്തുവാണു്. 'ബലിഷ്ഠമായവ അതിജീവിക്കുന്നു' എന്ന സിദ്ധാന്തം പാലിക്കാൻ അവൻ തീവ്രയത്നം ചെയ്യുന്നു. അവൻ ലോകത്തെ ഘോരകാന്താരമാക്കിത്തീർക്കുന്നു. അതിലെ മൃഗരാജനായി രാജിക്കാൻ അവൻ അഭിലഷിക്കുന്നു. ഇപ്രകാരം മനുഷ്യൻ തനിമൃഗത്തിന്റെ പ്രതിരൂപമായി പരിണമിച്ചു് മാനവസംസ്കാരത്തെ നിർമ്മാർജ്ജനം ചെയ്യാൻ കുതിച്ചു പായുന്നു. ഇതാണോ മനുഷ്യത്വത്തിന്റെ അലതല്ലൽ?

മനുഷ്യത്വം കുടികൊള്ളുന്നതു് മനുഷ്യസ്നേഹത്തിലാണു്. മനുഷ്യസ്നേഹമുള്ളവനെ മാത്രമേ മനുഷ്യനായി പരിഗണിക്കാവൂ. ദൈവം ജഗത്പിതാവാണല്ലോ. ആ പരമപിതാവിന്റെ വത്സലസന്താനങ്ങളത്രേ മനുഷ്യരായ നാമെല്ലാവരും. അതിനാൽ ഏകോദരസഹോദരരെപ്പോലെ പുലരേണ്ടവരാണു നാം. സാഹോദര്യം പുലർത്തുന്നവനേ മനുഷ്യനാകൂ. അയൽക്കാരനായ സഹോദരൻ ദാരിദ്ര്യാഗ്നിയിൽ എരിപൊരികൊള്ളുമ്പോൾ—രോഗബാധയാൽ ബോധരഹിതനാകുമ്പോൾ—പരപീഡനത്താൽ തളർന്നു തകരുമ്പോൾ—മനുഷ്യന്റെ ഉള്ളം അലിയാതിരിക്കുമോ? ഒരിക്കലുമില്ല. മനുഷ്യസ്നേഹി ദീനന്റെ അവശത പരിഹരിക്കാൻ കുതികൊള്ളും. നല്ല സമര്യാക്കാരനായിപ്പകരും. ദീനാനുകമ്പയാണു്—ദീനസേവനമാണു്—മനുഷ്യസ്നേഹിയുടെ മായാത്ത മഹനീയഗുണം.

നല്ല സമര്യാക്കാരനെ സ്നേഹസ്വരൂപിയായ ഈശൻ സാഹോദര്യത്തിന്റെ സാക്ഷാത്കാരമായി ചിത്രണം ചെയ്യുന്നു: തസ്കരന്മാർ ഒരു യാത്രക്കാരനെ പിടികൂടി കൈയേററംചെയ്തു് അടിപെടുത്തി. അവന്റെ പക്കലുണ്ടായിരുന്നതെല്ലാം — അവന്റെ വസ്ത്രങ്ങൾകൂടി—ആ നിർദ്ദയന്മാർ കൈയ്ക്കലാക്കി. അവൻ അവരുടെ മർദ്ദനമേററു് അർദ്ധപ്രാണനായി. നിരാധാരനായ അവൻ മരണചേഷ്ടകൾ കാട്ടിത്തുടങ്ങി. അപ്പോഴാണു് വേദകോവിദനായ ഒരു യഹൂദവൈദികന്റെ പുറപ്പാടു്. അദ്ദേഹം ആ ദീനനെ അവഗണിച്ചു കടന്നുപോയി. ജാതിശ്രേഷ്ഠനായ ഒരു ലേവ്യാക്കാരനാണു് അനന്തരം അലക്ഷ്യമായി ആ ആർത്തനെ കടന്നുപോയതു്. മൂന്നാമതായി ആവിർഭവിച്ചതു് ജാതിഭ്രഷ്ടനായ ഒരു സമര്യാക്കാരനായിരുന്നു. പ്രാണവേദനയാൽ ഉഴലുന്ന ആ നിസ്സഹായനെ സമീപിക്കാൻ ആ നിഷിദ്ധജാതിക്കാരനാണു കനിവുണ്ടായതു്. അവന്റെ ഉള്ളം അലിഞ്ഞു. കരചരണങ്ങൾ ദീനസേവനത്തിനായി ആഞ്ഞണഞ്ഞു. ആ മർദ്ദിതന്റെ മുറിവിലും ചതവിലും ആ നിഷിദ്ധൻ മരുന്നുവച്ചു

# രക്ഷയുടെ അടയാളം

(ഫാദർ. ഫിലിപ്പ്, ഒ. സി. ഡി.)

"പ്രിയ തൊമ്മിച്ചാ, എനിക്കു് അച്ചനോടു് ഒരു വെന്തിങ്ങ വാങ്ങിച്ചു് അയച്ചുതരണം. എൻെറ വെന്തിങ്ങ പൊട്ടിപ്പോയി. രാത്രിയിൽ വെന്തിങ്ങകൂടാതെ കിടക്കുവാൻ എനിക്കു പേടിയാണു്."

ഇങ്ങനെയാണു്, ദൂരദേശത്തു വേലയ്ക്കായിപ്പോയ ഒരു യുവാവു് തൻെറ സ്നേഹിതനു് ഈയിടെ എഴുതിയതു്. വെന്തിങ്ങ, അഥവാ ഉത്തരീയം! അതു് നമ്മുടെ അമ്മ കന്യകാമറിയത്തിൻെറ മാതൃസംരക്ഷണം സൂചിപ്പിക്കുന്ന ചിഹ്നമാണു്. അമ്മ അടുത്തു കിടന്നു കെട്ടിപ്പിടിച്ചില്ലെങ്കിൽ കുഞ്ഞുങ്ങൾക്കു് ഉറക്കം വരികയില്ല. ആദ്ധ്യാത്മികജീവിതത്തിൽ എന്നും കൊച്ചുകുട്ടികളായ നമ്മളേയും, ദേവമാതാവിൻെറ

---

കെട്ടി. പ്രഥമപരിചരണം വേണ്ടവിധം അവൻ നിർവ്വഹിച്ചു. അനന്തരം സ്വന്തം കുതിരപ്പുറത്തു കയററി അവനെ അടുത്തുള്ള ഒരു സത്രത്തിൽ കൊണ്ടു ചെന്നാക്കി. സത്രനാഥനോടു് അവനു് അവശ്യം വേണ്ടതെല്ലാം ചെയ്തുകൊടുക്കാൻ ആ ദയാലു പറഞ്ഞിട്ടു് കുറെ പണം അവൻെറ ശുശ്രൂഷണത്തിനായി നല്കി. തിരിച്ചുവരുമ്പോൾ ചെലവായ തുകമുഴുവൻ കൊടുത്തുകൊള്ളാമെന്നു ആ ഉദാരമതി വാഗ്ദാനം ചെയ്തു. തദനന്തരം ആ സമര്യാക്കാരൻ സ്ഥലം വിട്ടു.

ഹാ! ആ സമര്യാക്കാരൻെറ മനുഷ്യത്വത്തിൻെറ മഹനീയത! മനുഷ്യസ്നേഹത്തിൻെറ അഗാധത! സാഹോദര്യത്തിൻെറ അപാരത! ആ മനുഷ്യത്വത്തിൻെറ വിലമതിക്കാൻ—മാററുരച്ചുനോക്കാൻ ലോകദൃഷ്ടിയ്ക്കു് എങ്ങനെ സാധിക്കും? ഭൗമദൃഷ്ട്യാ സമര്യാക്കാരൻ ജാതിഭ്രഷ്ടനും, നിഷിദ്ധനും; അഭൗമദൃഷ്ട്യാ അവനാകട്ടെ ജാതിശ്രേഷ്ഠനും സിദ്ധനും. ഇങ്ങനെയുള്ള സിദ്ധന്മാരാണു് സമുദായ പരിഷ്കർത്താക്കളും മാനവോദ്ധാരകന്മാരും. ദീനസേവനമാണു്—സാധുജനസേവനമാണു്—പരസ്നേഹപ്രകാശനം. അതുതന്നെയാണു് മനുഷ്യത്വത്തിൻെറ മാററു തെളിച്ചുകാട്ടുന്ന ഉരകല്ലു്. ഇപ്രകാരം മനോവാക്കായങ്ങളാലുള്ള സ്നേഹപ്രകാശനമാണു് ഈശൻ അനുശാസിച്ച സാക്ഷാത്തായ സഹോദരസ്നേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നതു്. സ്വയം സ്നേഹിക്കുന്നതുപോലെ സഹോദരസ്നേഹം പ്രകാശിപ്പിക്കണമെന്നുള്ളതാണല്ലോ ഈശൻെറ ശാസനം. കരുണാമസൃണമായ ദീനത്രാണത്താൽ ഈശൻ സ്വയം ആ അനുശാസനത്തിനു് മായാത്ത മുദ്ര ചാർത്തി. സർവ്വോപരി കാൽവരിയിൽ സഹോദരസമുദ്ധാരണത്തിനായുള്ള ആത്മപരിത്യാഗപരമായ യജ്ഞത്താൽ ആ പരമകാരുണികൻ ആ അനുശാസനത്തിനു ശാശ്വതമായ മകുടം ചൂടി

കരുണാശീതളസ്വാന്തനായ ഈശനെ അനുകരിച്ചു് എത്ര എത്ര ധർമ്മതേജസ്സുകൾ ആർത്തത്രാണത്തിൽ അകമഴിഞ്ഞു വ്യാപരിച്ചു് തിരുസഭാനഭസ്സിൽ അക്ഷയഭാസ്സു വീശി പ്രകാശിച്ചിട്ടുണ്ടു്; ഇന്നും അങ്ങുമിങ്ങും മിന്നിത്തിളങ്ങുന്നുമുണ്ടു്. ആ തേജോധാമങ്ങളുടെ പൊലിയാത്ത പദമുദ്രകൾ ഇന്നും നമുക്കു് മാർഗ്ഗദർശനം ചെയ്തുകൊണ്ടിരിക്കുന്നു. ആ കരുണാർദ്രചേതസ്സുകളുടെ ചേവടിപ്പാടുകൾ പൊൽക്കതിരുകൾ വീശുന്നതു കാണ്മാൻ കണ്ണുള്ളവർ ഇന്നുണ്ടോ എന്നു സംശയിക്കുമാറു അത്രമാത്രം വിരളമത്രേ. സങ്കുചിതമായ ആ ജ്ഞാനദൃഷ്ടിയാണു ഇന്നു വികസിതമാകേണ്ടതു്. മങ്ങിമയങ്ങിക്കിടക്കുന്ന ആ വ്യാമോഹിതബുദ്ധിയാണു് ഇന്നു ഉദ്ബുദ്ധമാകേണ്ടതു്. അപ്പോഴാണു് മനുഷ്യൻ മനുഷ്യത്വം പുലർത്തി കൃതാർത്ഥത നേടി ജന്മസാഫല്യം അടയുന്നതു്. ഉത്കൃഷ്ടമായ സഹോദരസ്നേഹം നിഷ്കൃഷ്ടമായി പ്രായോഗികമാക്കുന്നവനാണു് മനുഷ്യൻ. അവൻതന്നെയാണു് മനുഷ്യത്വം പാലിക്കുന്നവനും സാഹോദര്യം പുലർത്തുന്നവനും. മനുഷ്യസ്നേഹിയുടെ അനശ്വരമായ ആസ്ഥാനമാണു് പരമാനന്ദപൂരിതമായ സ്വർഗ്ഗസാമ്രാജ്യം. മനുഷ്യസ്നേഹി ആ സനാതനസൗഭാഗ്യനിലയത്തിൽ സ്നേഹസ്വരൂപനായ ഈശനെ ദർശിച്ചു് നിത്യനിർവൃതിയിൽ ലയിക്കും. ഹാ! മനുഷ്യസ്നേഹിയ്ക്കു് സ്വായത്തമാകുന്ന അക്ഷയമായ നിക്ഷേപം! അനന്തമായ ആനന്ദം! അഭംഗുരമായ സൗഭാഗ്യം! ഈ 'ഞാൻ മനുഷ്യസ്നേഹിയാണോ?'

ത്തുക്കരങ്ങളുടെ ചിഹ്നമായ കർമ്മലോത്തരീയം ആശ്ലേഷിച്ചില്ലെങ്കിൽ ജീവിതസരണിയിൽ ഭയപ്പെടാതെ പുരോഗമിക്കുന്നതിന്ന് നമ്മൾക്കു സാദ്ധ്യമല്ല.

ലോകം മുന്നോട്ടു നീങ്ങുന്നതു് അടയാളങ്ങളുടെ അനിഷേധ്യശക്തിമൂലമാണു്. മുഷ്ടിചുരുട്ടി മുകളിലേക്കുയർത്തി, സുധീരം സിന്ദാബാദ് വിളിച്ചുകൊണ്ടു മുന്നേറുന്ന യുവാക്കളുടെ മുമ്പിൽ അരിവാളും ചുറ്റികയും മുദ്രിതമായ രക്തവർണ്ണക്കൊടിയും പാറിക്കളിക്കുന്നുണ്ടായിരിക്കും. ചക്രാ ചിത്രീകരിച്ച ത്രിവർണ്ണപ്പതാകയാണു് ഭാരതവിമോചനത്തിന് ഗാന്ധിഭക്തന്മാർക്കു പ്രചോദനം നൽകിയതു്. കഴിഞ്ഞ യുദ്ധകാലത്തു സങ്കലിതശക്തികൾ ആശയും ആവേശവും നശിച്ചു് നിരാശയിൽ നിപതിച്ചപ്പോൾ ചർച്ചിൽവീരന്റെ "വി" അടയാളമാണു് അവരെ വിജയത്തിന്റെ വഴിയിൽ വീറോടെ നിവർത്തിയതു്.

ഇതുപോലെയാണു് മരിയഭക്തന്മാർക്കു് കർമ്മലോത്തരീയം. ലോകം, പിശാചു്, ശരീരമെന്ന ത്രി



വിധശക്തികൾ അവരെ നാശഗർത്തത്തിലേക്കു നയിക്കുന്നതിന് മുതിരുമ്പോൾ വിജയശ്രീലാളിതയായ മേരിയുടെ പതാക അവർക്കു സുധീരം പൊരുതിജയിക്കുന്നതിന് ഉന്മേഷവും ഉണർവ്വും പ്രദാനം ചെയ്യുന്നു. അജ്ഞാതമായ അനന്തതയിലേക്കു് കാലുകുത്തേണ്ട ഭയങ്കര മരണവിനാഴികയിൽ, അന്ധകാരമയമായ ലോകത്തെവിട്ടു് പ്രകാശത്തിന്റെ രാജ്യമായ നിത്യസൗഭാഗ്യത്തിലേയ്ക്കു് മരണത്തിന്റെ കരങ്ങൾ നമ്മെ മാടിവിളിക്കുമ്പോൾ, സകല പ്രലോഭനങ്ങളേയും ജയിച്ചു് വിജയമുടി കരസ്ഥമാക്കുന്നതിന്, മറിയത്തിന്റെ മഹനീയ സാന്നിദ്ധ്യം, ഉത്തരീയംവഴി നമ്മെ ആശ്ലേഷിക്കുന്ന അവളുടെ മാതൃകരങ്ങൾ, നമുക്കു് ഉത്തേജനം നൽകുന്നു.

"മകനെ, ഇതു് രക്ഷയുടെ അടയാളമാണു്. ഇതു ധരിച്ചുകൊണ്ടു് മരിക്കുന്നവൻ നിത്യനരകാഗ്നിയിൽ പതിക്കുകയില്ല" എന്നു് ഏഴു നൂറ്റാണ്ടുകൾക്കുമുമ്പു്, 1251 ജൂലൈമാസം 16-ാംതിയതി നമ്മുടെ അമ്മ കന്യകാമറിയം വി. സൈമൺസ്റ്റോക്കിനോടു് അരുളിച്ചെയ്യുകയുണ്ടായി. ആ വാക്കുകൾ ഇന്നും അർത്ഥസമ്പൂർണ്ണമാണു്. ആകാശം അടർന്നുവീണാലും മലകൾ മറിഞ്ഞുപോയാലും മറിയത്തിന്റെ വാഗ്ദാനങ്ങൾക്കു മാററമുണ്ടാകുകയില്ല.

ഒരാൾ പറയുകയുണ്ടായി: "നമ്മുടെ കുടിയൻ തൊമ്മനില്ലേ, അവനെപ്പോലെ ആഭാസത്തരത്തിന് പോരുന്നവൻ ഇക്കരയിൽ ആരുമില്ല. കുടിയും കളവും, ഭാര്യാമർദ്ദനവും, വ്യഭിചാരവും എല്ലാം അവന്റെ ദിനചര്യയാണു്. ഇവൻ വെന്തിങ്ങ ഇട്ടു നടന്നാൽ രക്ഷപെടുമെന്നാണോ അച്ചൻ പറയുന്നതു്?"

"ഈ ദുഷ്ടൻ വെന്തിങ്ങ ധരിച്ചുകൊണ്ടു് മരിക്കുമെന്നു് എനിക്കു ഉറപ്പുതരാമോ" ഞാൻ ചോദിച്ചു.

ആ ചോദ്യത്തിനു് മറുപടി ഉണ്ടായില്ല. ഉത്തരീയം രക്ഷയുടെ അടയാളമാണു്. ആഭാസത്തരത്തിന് ലൈസൻസ് അല്ല. അഹങ്കാരപൂർവ്വം ദൈവകല്പനകൾ ധിക്കരിച്ചുനടക്കുന്ന മനുഷ്യൻ തന്റെ പാപങ്ങളെക്കുറിച്ചു വിനീതനായി പശ്ചാത്തപിക്കാതെ രക്ഷപെടുവാൻ പോകുന്നില്ല. ഈ പശ്ചാത്താപം അവനു ലഭിച്ചുകൊടുക്കുന്നതിന് പക്ഷേ അവന്റെ ഉത്തരീയം അവനു് സഹായകമായേക്കും. അല്ലെങ്കിൽ ഉത്തരീയമില്ലാതെയായിരിക്കും അവൻ മരിക്കുന്നതു്.

എത്രയോ എളുപ്പമാണു് മരണസമയത്തു് ഉത്തരീയം കഴുത്തിൽനിന്നുപോകുവാൻ! ഒരുത്തൻ ആത്മ

ഹത്യ ചെയ്യുന്നതിന് ആററിൽ ചാടുകയുമുണ്ടായി. അവൻെറ ശവശരീരം കരയ്ക്കെടുപ്പിച്ചപ്പോൾ കഴുത്തിൽ ഉത്തരീയം ഇല്ലായിരുന്നു. തന്നിഷ്ടത്തിന് ജീവിതം നയിച്ചിട്ട് ഉത്തരീയം ധരിച്ച് മരണം പ്രാപിച്ച് സ്വർഗ്ഗരാജ്യം സൂത്രത്തിൽ കൈവശപ്പെടുത്താമെന്ന് ആരും വ്യാമോഹിക്കേണ്ടാ

നിത്യനരകത്തിൽനിന്ന് രക്ഷപ്പെടുന്നതിന് മാത്രമല്ല ഉത്തരീയം ഉപകരണമായിത്തീരുന്നത്. മരണശേഷം മനുഷ്യന് സാധാരണഗതിയിൽ അനുഭവിക്കേണ്ടിവരാവുന്ന ശുദ്ധീകരണവേദനയിൽനിന്ന വിമുക്തിനേടുന്നതിനും ഉത്തരീയം ഉപകരിക്കുന്നു. ഇരുപത്തിരണ്ടാം യോഹന്നാൻ മാർപ്പാപ്പായ്ക്കു് കന്യകാമറിയം നൽകിയ വാഗ്ദാനം അനുസരിച്ച്, ഉത്തരീയഭക്തിയുടെ വ്യവസ്ഥകൾ അനുസരിച്ച് ജീവിക്കുന്നവൻ അതിവേഗത്തിൽ ശുദ്ധീകരണസ്ഥലത്തുനിന്ന് രക്ഷപ്രാപിക്കും. നമ്മുടെ കരുണനിറഞ്ഞ കന്യകാമാതാവ് തന്നെ വേദനയുടെ ആ സ്ഥലത്തേക്ക് ഇറങ്ങിച്ചെന്ന് അവരെ സ്വർഗ്ഗരാജ്യത്തേക്ക് കൂട്ടിക്കൊണ്ടുപോകും.

അവനവൻെറ ജീവിതസ്ഥിതിക്കനുസരണമായ ശുദ്ധത കാക്കുക, വായിക്കാനറിയാവുന്നവർ പരിശുദ്ധകന്യകയുടെ ചെറിയ ഒപ്പീസോ, അല്ലെങ്കിൽ അതിന് പകരം അധികാരമുള്ള വൈദികൻ നിർദ്ദേശിക്കുന്ന പ്രാർത്ഥനകളോ ചൊല്ലുക, വായിക്കാൻ സാധിക്കാത്തവർ, തിരുസ്സഭയുടെ നോയമ്പുകൾക്ക് പുറമെ, ബുധനാഴ്ചയും ശനിയാഴ്ചയും മാംസം വർജ്ജിക്കുക ഇത്രയുമാണ് ദിവ്യജനനിതന്നെ കല്പിച്ചുനൽകിയിരിക്കുന്ന വ്യവസ്ഥകൾ.

ഇത്രയും പറഞ്ഞതിൽനിന്ന് കർമ്മലോത്തരീയം കന്യകാമാതാവിൻെറ സംരക്ഷണചിഹ്നവും നമ്മുടെ രക്ഷയുടെ അടയാളവുമാണെന്ന് സുവിദിതമാണ്. എന്നാൽ ഇന്ന് കത്തോലിക്കാവിശ്വാസത്തിൻെറ ബാഹ്യലക്ഷണംകൂടെയാണ് ഉത്തരീയധാരണം. പഴയകാലത്ത് ബ്രാഹ്മണനേയും, ക്രിസ്ത്യാനിയേയും, നായരേയും, ഈഴവനേയും കണ്ടാൽ മനസ്സിലാക്കുന്നതിന് മാർഗ്ഗമുണ്ടായിരുന്നു. ചാക്കോച്ചൻ തലമുടി ക്രോപ്പ് ചെയ്യിക്കുമ്പോൾ ചാപ്പുണ്ണിമേനവൻ കുടുമ്പി കെട്ടിവെയ്ക്കും. ത്രേസ്യാച്ചേട്ടത്തി മൽമ്മൽപ്പുടവ ഞൊറിഞ്ഞുടുത്തു ചട്ടയും ഇടുമ്പോൾ ജാനകിയമ്മ വേഷ്ടിയുടുത്ത് റൌക്കയും ധരിക്കും.

ഇന്നാകട്ടെ, ലില്ലിക്കുട്ടിയും ലളിതാംബികയും ഒരേവിധത്തിൽ സാരിയുടുത്ത് ബ്ലൌസും ധരിച്ച് പൌഡറിന് പുറമെ ലിപ്പ്സ്റ്റിക്കുകൂടെ ഇട്ട് വിലസുവാൻ പണിപ്പെടുന്നു. ജോൺകുട്ടിയും ജനാർദ്ദനനും ഒരേവിധത്തിൽ മുറിമീശയും മുറക്കൈയ്യൻ കോട്ടും, ഡബിൾവേഷ്ടിയും, റിസ്റ്റുവാച്ചും അവകാശപ്പെടുന്നു

ഇവരെ തമ്മിൽ തിരിച്ചറിയുന്നതിന് ഒരേ അടയാളമേ ഇന്ന് ശേഷിച്ചിട്ടുള്ളു ഉത്തരീയം (അല്ലെങ്കിൽ കുറഞ്ഞപക്ഷം ഒരു കാശുരൂപമെങ്കിലും) ധരിക്കുന്നവൻ സത്യവിശ്വാസം സ്വീകരിച്ചവനും, സ്വീകരിച്ചവിശ്വാസം സംരക്ഷിക്കുന്നവനുമാണെന്ന് അനുമാനിക്കുന്നതിൽ അബദ്ധമില്ല. അങ്ങനെ ഉത്തരീയം ഇന്ന് സത്യവിശ്വാസത്തിൻെറ ബാഹ്യചിഹ്നമാണ്. മരണാപകടത്തിൽ അകപ്പെട്ടിരിക്കുന്നവന് സംസാരശക്തി ശേഷിച്ചിട്ടില്ലെങ്കിൽ, അവനെ പരിചയമുള്ളവർ അടുത്തില്ലെങ്കിൽ, താൻ കത്തോലിക്കാ വിശ്വാസിയാണെന്നും അന്ത്യകൂദാശകൾ സ്വീകരിക്കുന്നതിന് ആഗ്രഹിക്കുന്നുവെന്നും വൈദികനെ അറിയിക്കുന്നതിനുള്ള പ്രായോഗികമാർഗ്ഗം കൂടെയാണ് ഉത്തരീയധാരണം.

ഏതാനും മാസങ്ങൾക്കുമുമ്പ് ഒരു കത്തോലിക്കാ യുവാവ്, സഖാവ് ചമഞ്ഞ് രംഗത്തിറങ്ങി മുഷ്ടിപ്രയോഗവും ഇൻക്വിലാബ് വിളിയും പരിശീലനം നടത്തിയശേഷം തൻെറ മഠയത്തരം മനസ്സിലാക്കി തിരുസ്സഭാമാതാവിൻെറ മടിയിലേക്ക് തിരിച്ചുവരികയുണ്ടായി. തൻെറ മനസ്സുമാററത്തിൻെറ അടയാളമായി അവൻ ആദ്യംചെയ്തത് ഒരു പുതിയ ഉത്തരീയം വാങ്ങി ധരിക്കുകയെന്നതായിരുന്നു. ഇതു മനസ്സിലാക്കിയ മുൻ സഖാക്കൾ അവനെ കരിങ്കാലിയെന്നും കള്ളഭക്തനെന്നും വിളിച്ച് കളിയാക്കാൻ തുടങ്ങി.

ഈ സംഭവത്തെപ്പററി അവൻ വികാരിയച്ചനോട് പറയുകയാണ്. "ഈ പൊട്ടാ സഖാക്കളെ എനിക്കൊരു പേടിയുമില്ലച്ചാ; അവരെ കാണുമ്പോൾ ഞാൻ എൻെറ ഷർട്ടിൻെറ ബട്ടൺതുടന്നിട്ടും എൻെറ വെന്തിങ്ങ അവർ കാണാൻ വേണ്ടി".

രക്ഷയുടെ അടയാളവും, മാതാവിൻെറ മാതൃസംരക്ഷണത്തിൻെറ ചിഹ്നവും സ്വർഗ്ഗീയ സൗഭാഗ്യസിദ്ധിയുടെ അച്ചാരവുമായ ഈ അമൂല്യദാനത്തെ, കർമ്മലോത്തരീയത്തെ ഭക്തിപൂർവ്വം ധരിക്കുന്നതിനുള്ള ധീരത കർമ്മലനാഥതന്നെ നമുക്ക് നൽകുമാറാകട്ടെ.

# എന്തുകൊണ്ടാണ് ശാശ്വതഫലം കാണാത്തതു്?

(ഫാ. അബ്രൂന്തിയോസ്, ററി. ഒ. സി. ഡി.)

"ക്രൈസ്തവമതാനുഷ്ഠാനം യോഗ്യമാംവിധം നിർവ്വഹിക്കുന്നതിന് മനസ്സ് പ്രഥമതഃ ദൈവത്തിനു പ്രതിഷ്ഠിക്കയും, അതു് ആത്മാവിൻെറ മററു ശക്തിവിശേഷങ്ങളിൽ സ്വാധീനശക്തി ചെലുത്തി നിയന്ത്രിക്കയും ചെയ്യേണ്ടതാണു്. ബുദ്ധിയുടെ വ്യാപാരം മനസ്സിൻെറ എല്ലാ വ്യാപാരത്തേയും മുൻഗമിക്കുന്നു. ആകയാൽ നിത്യനായ ദൈവത്തിനു യാഗാത്മകമായ ഏതെങ്കിലും ധർമ്മനിർവ്വഹണത്താൽ സ്വയം പ്രതിഷ്ഠിക്കാൻ ആഗ്രഹിക്കയും നിശ്ചയിക്കയും ചെയ്യുന്നതിനു മുമ്പ് ഏതാദൃശ ധർമ്മനിർവ്വഹണത്തിന് അടിസ്ഥാനമായിരിക്കുന്ന കാര്യങ്ങളേയും ന്യായങ്ങളേയും കുറിച്ചുള്ള അറിവു് എല്ലാംകൊണ്ടും അനുപേക്ഷണീയമത്രേ" 12-ാം പീയൂസ്: "മെദിയാത്തോർദേയി". പ. പിതാവു തിരുമനസ്സുകൊണ്ടു് ആരാധനക്രമത്തെ പരാമർശിച്ചെഴുതിയ വിശ്വലേഖനത്തിൽ പറയുന്ന ഇക്കാര്യം വളരെ പ്രാധാന്യമർഹിക്കുന്നതാണു്. ആധുനികകാലത്തു് വളരെയധികം ഭക്തിമുറകൾ കേരളീയ കത്തോലിക്കർ അഭ്യസിച്ചുപോരുന്നുണ്ടെങ്കിലും ശാശ്വതഫലം പുറപ്പെടുവിക്കത്തക്കവിധം അവ നീണ്ടുനിൽക്കാത്തതിൻെറയും അഭിവൃദ്ധിപ്പെടാത്തതിൻെറയും കാരണമെന്തായിരിക്കാം? കാരണം നാം വേറെങ്ങും തേടേണ്ടതില്ല: മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് പറയുന്നതുപോലെയും, കാർഡിനൽ ന്യൂമാൻ ഒരു നൂററാണ്ടുമുമ്പ് പ്രസ്താവിച്ചിട്ടുള്ളതുപോലെയും ശരിയായ മതാനുഷ്ഠാനത്തിനും, കാതലായ ഭക്തിക്കും അടിസ്ഥാനമായിരിക്കുന്ന തത്വങ്ങളെ സംബന്ധിച്ച യഥാർത്ഥഗ്രഹണം (realization) ഇല്ലാത്തതാണു്. കേവലം സ്വാഭാവികക്രമത്തിൽപോലും ഏതൊരുവനും ജീവിതത്തിൻെറ കഠിനഭാരങ്ങൾ വഹിക്കുന്നതിനും, എന്തെങ്കിലും മഹാകാര്യം വിജയകരമാംവിധം നിർവ്വഹിക്കുന്നതിനും തെളിവായ, സുദൃഢമായ, ബോധ്യമുണ്ടായിരിക്കണം. ബോധ്യമനുസരിച്ചുള്ള നന്മ പ്രാപിക്കുന്നതിന് തീവ്രമായ ആഗ്രഹവും അജയ്യമായ മനോവിശ്വാസവും ഉണ്ടായിരിക്കണം എന്നാത്രേ വി. തോമസ് അക്വീനാസ് പറയുന്നതു്. നാം പ്രാപിക്കേണ്ട ലക്ഷ്യത്തിൻെറ അഥവാ സ്വായത്തമാക്കേണ്ട വസ്തുവിൻെറ നന്മ, മാഹാത്മ്യം, സൗന്ദര്യം എന്നിവയെപ്പററി ശരിയായ ബോധ്യമില്ലെങ്കിൽ ഏതൽ സംബന്ധമായ പ്രവർത്തനത്തിന് മനസ്സിൻെറ മേൽ വലിയ ബലം പ്രയോഗിക്കേണ്ടിവരും. ബലം പ്രയോഗിച്ചുകൊണ്ടുള്ള പ്രവർത്തനം നീണ്ടുനിൽക്കുകയില്ല.

## മാഹാത്മ്യബോധമാണാവശ്യം

എന്നാൽ, ചിലർ ചോദിച്ചേക്കാം മതാനുഷ്ഠാനത്തിലെ തീക്ഷ്ണതാസ്ഥൈര്യങ്ങൾ വിശ്വാസ സംബന്ധമായ ശാസ്ത്രീയജ്ഞാനത്തെ ആശ്രയിച്ചാണോ ഇരിക്കുന്നതെന്നു്. വെറും ശാസ്ത്രീയജ്ഞാനത്തെയല്ല ആശ്രയിച്ചിരിക്കുന്നതു്; ശാസ്ത്രീയജ്ഞാനവും ആവശ്യമാണു് (cfr. I Peter 3: i5). നാം നിർവ്വഹിക്കുന്ന സുകൃതാഭ്യാസങ്ങളുടെ സനാതന മഹാത്മ്യവും യോഗ്യതയും (eternal worth & splendour) യഥാതഥം ഗ്രഹിക്കുകയാണു് ആവശ്യം. 12-ാംപീയൂസ് തിരുമനസ്സുകൊണ്ടു് ഒരിക്കൽ സർവ്വകലാശാലാവിദ്യാർത്ഥികളെ ഉത്ബോധിപ്പിച്ചതുപോലെ നമ്മുടെ, വിശിഷ്യ, കുറെയൊക്കെ വിദ്യാഭ്യാസമുള്ളവരുടെ മതപരമായ ജ്ഞാനം ലൌകികശാസ്ത്രജ്ഞാനത്തെ അതിശയിക്കുന്നതല്ലെങ്കിൽ, ലൗകികശാസ്ത്രങ്ങളിലുള്ള ഉപരിജ്ഞാനം മതാനുഷ്ഠാനത്തെ അവജ്ഞയോടെ വീക്ഷിച്ചുപോയെന്നുവരാം. അങ്ങനെയെങ്കിൽ, യുക്തിക്കു് (ബുദ്ധിക്കു്) വിശ്വാസത്തിലും, വിശ്വാസപരമായ ജീവിതത്തിലും എന്തു സ്വാധീനശക്തി ചെലുത്തുവാൻ സാധിക്കുമെന്നാലോചിക്കേണ്ടതുണ്ടു്.

11-ാം പീയൂസ് തിരുമേനി മുക്തകണ്ഠം പ്രശംസിച്ചിട്ടുള്ള റവ. ഡോ. മത്തിയാസ് ഷീബെൻ പറയുന്നതു കേട്ടാലും: "വിശ്വാസത്തിനു സഹായകമാംവിധം യുക്തിക്കു് രണ്ടുപ്രകാരത്തിൽ പ്രവർത്തിക്കാവുന്നതാണു്: വിശ്വാസത്തിന് ആത്മാവിൽ ഒരു സ്ഥാനം ഒരുക്കുവാൻ യുക്തിക്കു സാധിക്കും. വിശ്വാസം ആത്മാവിൽ സ്ഥലംപിടിച്ചതിനുശേഷം, ആത്മവിശ്വാസത്തിൻെറ വികസനത്തിലും അതിലടങ്ങിയിരി

ക്കുന്ന സംഗതികളുടെ വിശദഗ്രഹണത്തിലും യുക്തിക്കു വളരെയധികം ചെയ്യാൻകഴിയും........................ യുക്തി അതിന്റെ സ്വാഭാവിക നിഗമനവ്യാപാരങ്ങളെ വിശ്വാസസഹായാർത്ഥം വിട്ടുകൊടുക്കണം; വെളിപാടിന്റെ മാനദണ്ഡത്തിനനുസൃതമായി വിശ്വാസത്തെ പരാമർശിക്കുന്ന കാര്യങ്ങൾ പ്രകാശിപ്പിക്കുവാൻ യുക്തി പരിശ്രമിക്കണം; വിശ്വാസവിഷയകമായ സംഗതികളെ സ്വാഭാവികന്യായങ്ങൾ കൊണ്ടു് സാധർമ്മ്യേന (analogously) എത്രമാത്രം പ്രകാശിപ്പിക്കാൻ സാധിക്കുമെന്നു നിർണ്ണയിക്കണം. അപ്രകാരംതന്നെ യുക്തി അതിന്റെ സംശ്ലേഷനിഗമനശക്തിവിശേഷങ്ങളെ (associative and discursive powers) വിശ്വാസസത്യങ്ങളും അതിന്റെ പ്രേരകന്യായങ്ങളും തമ്മിലുള്ള ബന്ധം (ഒന്നു് മറ്റൊന്നിനോടു തട്ടിച്ചുനോക്കിയിട്ടു്) കണ്ടുപിടിക്കാൻ വിനിയോഗിക്കണം. വിശ്വാസത്തിന്റെ ഓരോ സത്യത്തിലും ഉപപന്നമായിരിക്കുന്ന(Potentially contained) മഹാനിധിയുടെ സകല വശങ്ങളെയും പ്രദർശിപ്പിക്കാൻ യുക്തി പരിശ്രമിക്കണം.” (Cfr. The Mysteries of Christianity). വിശ്വാസപരമായ സംഗതികളെ സംബന്ധിച്ചിടത്തോളം അജ്ഞതയുടെ മൂഢസ്വർഗ്ഗത്തിൽ തന്റെ സന്താനങ്ങൾ സ്ഥിതിചെയ്യണമെന്നല്ല തിരുസഭാമാതാവു് ആഗ്രഹിക്കുന്നതു്. അബദ്ധമെങ്കിലും ഒരു ആദർശം അഥവാ തത്വം മുറുകെ പിടിച്ചുകൊണ്ടു് മതഭ്രാന്തന്മാർക്കും മർക്കടമുഷ്ടികൾക്കും വൻ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെങ്കിൽ വിശ്വസത്തിന്റെ സന്ദേഹരഹിതമായ സനാതന സത്യങ്ങളിൽ യാഥാർത്ഥ്യഗ്രഹണമുള്ള ക്രിസ്ത്യാനികൾക്കു് എന്തുതന്നെ സാധിക്കയില്ല എന്നത്രേ കാർഡിനൽ ന്യൂമാൻ ചോദിക്കുന്നതു്.

### അത്മായർക്കും അദ്ധ്യാത്മശാസ്ത്രജ്ഞാനം ആവശ്യം.

മേല്പറഞ്ഞ ആശയത്തിന്റെ വേറൊരു വശത്തെക്കുറിച്ചു്—അദ്ധ്യാത്മികശാസ്ത്ര (Spiritual Theology) ത്തെക്കുറിച്ചു്—ആധുനികരായ ആദ്ധ്യാത്മ പണ്ഡിതന്മാർ ഏതാണ്ടു് ഏകാഭിപ്രായക്കാരാണു്. ദൈവശാസ്ത്രപരമായ ജ്ഞാനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചാണു് ഇതുവരെ പ്രതിപാദിച്ചതു്. അതിൽ ഉൾക്കൊള്ളുന്നതുതന്നെയാണു് ആദ്ധ്യാത്മശാസ്ത്രവും. എങ്കിലും അദ്ധ്യാത്മശാസ്ത്രം പുണ്യജീവിതത്തിന്റെ സാമാന്യേന കൂടുതൽ പ്രായോഗികമായ വശത്തെ പ്രകാശിപ്പിക്കുന്നതാണു്. റോമിലെ ഇന്റർനാഷണൽ കർമ്മലീത്താ കോളേജിലെ വിശ്രുത അദ്ധ്യാത്മപണ്ഡിതനായിരുന്ന ഫാ. ഗബ്രിയേൽ ഒ. സി. ഡി. പറയുന്നു അദ്ധ്യാത്മശാസ്ത്രജ്ഞാനം വൈദികരും സന്യാസികളും മാത്രമല്ല, അത്മായരും സമ്പാദിക്കേണ്ടതാണെന്നു്. അത്മായരും വിശുദ്ധിക്കായി വിളിക്കപ്പെട്ടിരിക്കുന്നുവെന്നും, ആന്തരികജീവിതത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചും അതു നയിക്കേണ്ട വിധത്തെക്കുറിച്ചും അവരെ പഠിപ്പിക്കാതിരിക്കുന്നതു് വലിയ ന്യൂനതയാണെന്നും 1951-ലെ അത്മായപ്രേഷിതസമ്മേളനത്തിലെ നിശ്ചയങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം പ്രസ്താവിക്കുന്നു (Cfr. Theology Digest 1954 Autumn). പ്രകൃത്യതീതജീവിതത്തിന്റെ മനോഹരവശങ്ങൾ ശരിയായി ഗ്രഹിപ്പിക്കുന്ന പക്ഷം, ഏതു ക്രിസ്ത്യാനിയും തന്റെ മഹനീയസ്ഥിതി മനസ്സിലാക്കി പ്രസാദവരത്തെ സമ്പാദിക്കുന്നതിനും, അതു വർദ്ധിപ്പിക്കുന്നതിനും, അതിനെ നഷ്ടമാക്കാവുന്ന ചാവുദോഷം മാത്രമല്ല, പാപദോഷംകൂടെയും വർജ്ജിച്ചുകൊണ്ടു് വ്യാപരിക്കുന്നതിനും സന്നദ്ധനാകുമെന്നു് സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ അരിന്തേരോ, ഒ. പി. സമർത്ഥിക്കുന്നു.

### അനുദിനജീവിതത്തിൽ പുണ്യാഭിവൃദ്ധിക്കു സഹായമായവ

നമ്മുടെ അനുദിനജീവിതത്തിൽ കൂടുതൽ പ്രായോഗികവും പ്രാധാന്യമർഹിക്കുന്നതുമായ രണ്ടു സംഗതികൾ കൂടെക്കൂടെ കുമ്പസ്സാരിക്കുന്നതും ദിവ്യബലിയിൽ സംബന്ധിച്ചു് ദിവ്യകാരുണ്യം സ്വീകരിക്കുന്നതുമാണല്ലോ. ക്രൈസ്തവജീവിതം മുഴുവനും ക്രിസ്തീയ ബലിയിൽ കേന്ദ്രീകൃതമാണു്. ഈ ബലിജീവിതമാണു് ക്രിസ്ത്യാനിയെ ധന്യനും സൗഭാഗ്യവാനുമാക്കുന്നതു്. അതിനാൽ, ഇപ്പറഞ്ഞ രണ്ടുംവഴിയായി മിശിഹാ സമ്പാദിച്ച രക്ഷണീയജലം പകർന്നൊടുക്കുന്ന പരിശീലനം അത്യന്താപേക്ഷിതമായിട്ടത്രേ ആധുനിക മാർപ്പാപ്പാമാർ ഉപദേശിക്കുന്നതു്. ഇംഗ്ലണ്ടിൽ ഈയിടെ പുണ്യജീവിതത്തെ ആസ്പദമാക്കി ചില പണ്ഡിതന്മാർ സമ്മേളിച്ചു ചർച്ചകൾ നടത്തി. തദവസരത്തിൽ പരി. കുർബ്ബാനയെ സംബന്ധിച്ച ദൈവശാസ്ത്രജ്ഞാനം (Theology of Mass), പ. കുർബ്ബാനയോടുള്ള ഭക്തിയിൽ അഭിവൃദ്ധിപ്രാപിക്കു

# ഉത്തരിപ്പുകടം

(ജി. സി. ടീലാർ)

തൊമ്മനും മാത്തനും കൂടി ഉയൎന്ന ഒരു പാറക്കെട്ടിൻെറ മുകളിൽ നിൽക്കുകയായിരുന്നു. അവിടെ



ലേഖകൻ

നിന്നാൽ കാണാം പച്ചപിടിച്ച അനേകം കുന്നുകൾ. ചിലതു കഷണ്ടിത്തലപോലെ ശൂന്യമായി കിടക്കുന്നു. ചിലതിലോ എന്നാൽ കേരവൃക്ഷങ്ങളും റബ്ബർ മരങ്ങളും തിങ്ങിവളരുകയാണ്. അതെല്ലാം ആകാശവുമായി ബന്ധപ്പെട്ടുകിടക്കയാണോ എന്നു തോന്നും. പടിഞ്ഞാറുനിന്നും ശീതളമായ ഒരു കാററു പ്രവഹിച്ചു തുടങ്ങി. ചില കുററിച്ചെടികളിൽ ഇക്കിളി ഇട്ടുകൊണ്ടു് അവർ രണ്ടുപേരെയും അതു സമീപിച്ചു. "എന്തൊരു കാഴ്ച! എന്തൊരാനന്ദം! എന്തൊരു സുഖം!" തൊമ്മൻ പറഞ്ഞുപോയി.

"ഇതിൻെറ എല്ലാം പുറകിൽ ദൈവത്തിൻെറ മാഹാത്മ്യം ഞാൻ കാണുന്നു. ഈ കുന്നുകൾ മനോഹരങ്ങൾ തന്നെ. ഇതെല്ലാം കണ്ടാസ്വദിക്കുവാൻ മനുഷ്യനല്ലാതെ മറെറാരു ജീവിയും ലോകത്തിൽ ഇല്ലല്ലൊ എന്നു ഞാൻ ചിലപ്പോൾ സങ്കടപ്പെടാറുണ്ടു്. നമ്മുടെ പട്ടിക്കും കോഴിക്കും ആടിനും കാളയ്ക്കും ചിന്താശക്തിയും സംസാരശക്തിയും ഉണ്ടായിരുന്നെങ്കിൽ എന്തുമാത്രം കവിതകൾ അവ ചമയ്ക്കുമായിരുന്നു!" മാത്തൻെറ ചിന്താഗതിയോടു തൊമ്മൻ പരിപൂൎണ്ണമായി യോജിച്ചില്ല. സൃഷ്ടിയുടെ പുസ്തകത്തിലേക്കു് തൊമ്മൻ മാത്തൻെറ ശ്രദ്ധയെ ക്ഷണിച്ചു.

"സൃഷ്ടിയുടെ പുസ്തകത്തിൽ ആദ്യത്തെ അദ്ധ്യായത്തിലുള്ള ഭാഗങ്ങൾ മാത്തൻ ഓൎക്കുന്നുണ്ടായിരിക്കുമല്ലൊ ആറുയുഗങ്ങൾ കൊണ്ടാണു സൃഷ്ടികർമ്മം പരിപൂൎണ്ണമാകുന്നതു്. ഓരോ ചിത്രവും വരച്ചുകഴിയുമ്പോൾ കലാകാരനുതന്നെ അതേപ്പററി ഒരഭിപ്രായമുണ്ടാകുമല്ലോ. അങ്ങനെ ദൈവത്തിനും തൻെറ സൃഷ്ടികളെ സംബന്ധിച്ചു് ഒരഭിപ്രായം ഉണ്ടായി. മോശ രേഖപ്പെടുത്തിയിട്ടുണ്ടു്—ദൈവം അരുളിച്ചെയ്തു. "വെളിച്ചമുണ്ടാകട്ടെ; വെളിച്ചമുണ്ടായി. വെളിച്ചം നല്ലതെന്നുദൈവം കണ്ടു ...ഉണങ്ങിയതിനെ ദൈവം ഭൂമി എന്നു വിളിച്ചു. വെള്ളത്തിൻെറ കൂട്ടത്തെ സമുദ്രങ്ങളെന്നും വിളിച്ചു. നല്ലതെന്നു ദൈവം കാണുകയും ചെയ്തു. ... ... അതതിൻെറ തരം വിത്തു വിതയ്ക്കുന്ന പച്ചപ്പുല്ലും അതതിൻെറ തരം ഫലങ്ങൾ ചെയ്യുന്നതായി തന്നാൽത്തന്നെ മുളയുള്ള ഫലവൃക്ഷങ്ങളും ഭൂമിയുളവാക്കി. നല്ലതെന്നു ദൈവം കാണുകയും ചെയ്തു.

---

ന്നതിന് വളരെ സഹായകമെന്നല്ല, ഒരുതരത്തിൽപ്പറഞ്ഞാൽ ആവശ്യം തന്നെയാണെന്നു സമൎത്ഥിക്കയുണ്ടായി. അടുത്തകാലത്തു് കുർബാനയെ സംബന്ധിച്ച ഈദൃശഗ്രന്ഥങ്ങൾ ഇംഗ്ലീഷുഭാഷയിൽകുറെയെല്ലാം പ്രസിദ്ധീകൃതങ്ങളായിട്ടുണ്ടെങ്കിലും ഈയിടെ വായിക്കാനിടയായ ഒരു ഗ്രന്ഥം വിശേഷാൽ ശുപാർശ ചെയ്യപ്പെടേണ്ട ഒന്നാണു്. The spirituality of the Mass by Rev. Adolph Dominic Frenay, O. P. Ph., D, published by B Herder Book Co, 15 X 17, South Broadway, St Louis 2, Mo., U. S. A. വി. തോമ്മസ് അക്വിനാസിൻെറ കൃതികളെ അടിസ്ഥാനമാക്കി പ. കുർബാനയിലെ വിവിധഭാഗങ്ങൾ വിശദീകരിക്കുന്ന ഈ കൃതി വളരെ വിശിഷ്ടമാണെന്നു ചുരുക്കിപ്പറയാനേ നിവൃത്തിയുള്ളു.

... പകലിനെയും രാവിനെയും ഭരിക്കുവാനും, വെളിച്ചവും ഇരുട്ടും തമ്മിൽ വേർതിരിക്കുവാനുമായി ദൈവം അവയെ ആകാശവിതാനത്താൽ സ്ഥാപിച്ചു. നല്ലതെന്ന് ദൈവം കാണുകയും ചെയ്തു......വലിയ തിമിംഗലങ്ങളെയും, അതതുകളുടെ തരത്തിൽ വെള്ളം ജനിപ്പിച്ച ഇഴജന്തുക്കളിലെ സകല ജീവികളെയും, തരത്തിനൊത്ത ചിറകുള്ള സകല പക്ഷികളെയും ദൈവം സൃഷ്ടിച്ചു. നല്ലതെന്നു ദൈവം കാണുകയും ചെയ്തു...... അതതു തരത്തിൽ ഭൂമിയിലെ ജീവിയെയും, അതതു തരത്തിൽ നാട്ടുമൃഗത്തെയും, അതതു തരങ്ങളിൽ ഭൂമിയിലെ സകല ഇഴജന്തുക്കളെയും ദൈവം ഉണ്ടാക്കി. നല്ലതെന്നു ദൈവം കാണുകയും ചെയ്തു ... ... ദൈവം താനുണ്ടാക്കിയതൊക്കെയും കണ്ടു. ഹ! എത്രയും നല്ലതു്. സന്ധ്യയുണ്ടായി, ഉഷസ്സുമുണ്ടായി, ആറാംദിവസം."

സംഗതമായ ഭാഗങ്ങൾ ഒന്നാം അദ്ധ്യായത്തിൽ നിന്നും ഉദ്ധരിച്ചുകഴിഞ്ഞിട്ട് തൊമ്മൻ ആറാം അദ്ധ്യായത്തിലേക്കു കടന്നു. അതിൽ 6-ം, 7-ം വാക്യങ്ങൾ ഇങ്ങനെയാണ്. "ആദത്തെ ഭൂമിയിൽ ഉണ്ടാക്കിയതിനെപ്പററി കർത്താവു പശ്ചാത്തപിച്ചു, തൻെറ ഹൃദയത്തിൽ ദുഃഖിച്ചു. കർത്താവു് അരുളിച്ചെയ്തു: ഞാൻ സൃഷ്ടിച്ച മനുഷ്യരെ ഭൂമുഖത്തുനിന്നും ഞാൻ മായിച്ചുകളയും. മനുഷ്യർ തുടങ്ങി മൃഗങ്ങൾവരെയും ഇഴജന്തുക്കൾ വരെയും, ആകാശപ്പറവകൾവരെയും ഞാൻ മായിക്കും. എന്തെന്നാൽ അവരെ ഞാനുണ്ടാക്കിയതുകൊണ്ടു് ഞാൻ ഖേദിച്ചു — ദൈവം തൻെറ സൃഷ്ടികളിൽ മനുഷ്യനുമാത്രമേ ബുദ്ധിശക്തി നൽകിയുള്ളു. ആ മനുഷ്യനു വേണ്ടിമാത്രമാണു് ദൈവം ഒടുവിൽ ദുഃഖിക്കേണ്ടിവന്നതു്. മനുഷ്യരെപ്പോലെ ബുദ്ധിശക്തി മററു മൃഗങ്ങൾക്കുകൂടി ഉണ്ടായിരുന്നെങ്കിൽ മൃഗങ്ങളും മനുഷ്യരും തമ്മിൽ ഒരു നിരന്തര പോരാട്ടംതന്നെ നടക്കുമായിരുന്നു. ആടിൻെറയും പശുവിൻെറയും ദൃഷ്ടിയിൽ മനുഷ്യൻ ചൂഷകനാകാതിരിക്കുമോ ? കാളയുടേയും പോത്തിൻേറയും മുമ്പിൽ അവർ മർദ്ദകനായ ഒരു മുതലാളിയാകുമായിരുന്നില്ലേ ? പന്നിയും പട്ടിയും, കോഴിയും അവൻെറ പടിക്കൽ 'ഇങ്കിലാബ് സിന്താബാദ്' വിളിച്ചുകൊണ്ടു് സത്യഗ്രഹം അനുഷ്ഠിക്കുമായിരുന്നില്ലേ ? ദൈവം ആ വിപത്തെല്ലാം ഒഴിച്ചുവച്ചു് മൃഗങ്ങളെ മിണ്ടാപ്രാണികളാക്കിക്കൊണ്ടു്. ബുദ്ധിശൂന്യനായ മനുഷ്യൻ ഇതൊന്നും ചിന്തിക്കുന്നില്ല. സഹോദരനെ ദ്രോഹിക്കുവാനും അവനെ ചൂഷണം ചെയ്യുവാനും മനുഷ്യൻ അവൻെറ കഴിവുകളുപയോഗിക്കുന്നു".

"ഓരോ മൃഗത്തിൻെറയും സ്വഭാവം മനുഷ്യനു് അറിയാം. പാമ്പു കടിച്ചേക്കുമെന്നു ഭയന്നു് മനുഷ്യർ അതിനെ സമീപിക്കയില്ല. പട്ടിയുള്ള വീട്ടിൽ കടന്നു ചെല്ലുവാൻ അവൻ ഭയപ്പെടുന്നു. കാട്ടുമൃഗങ്ങൾ വസിക്കുന്ന വനത്തിൽ കൂടി ഏകാകിയായി അവൻ നടക്കയില്ല. എന്നാൽ മനുഷ്യനു മനുഷ്യനെ അറിയുവാനുള്ള കഴിവാണു് തുലോം പരിമിതമായിരിക്കുന്നതു്. പല്ലുകൊണ്ടു് അവൻ കടിക്കയില്ലായിരിക്കും കൈകൊണ്ടു് അവൻ അടിക്കയില്ലായിരിക്കും. കാലുകൊണ്ടു് അവൻ തൊഴിക്കയില്ലായിരിക്കും. പക്ഷേ അവൻെറ ഉടുപ്പുകൾക്കുള്ളിൽ ഒരു കഠാരി ഒളിച്ചിരിക്കുന്നില്ലേ എന്നു ആരറിഞ്ഞു? നീതിസാരത്തിൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണു്. ഓടി വരുന്ന ഒരു വണ്ടിയിൽ നിന്നു് അഞ്ചു വാരയും, ഒരു കുതിരയിൽ നിന്നു് 10 വാരയും, ഒരാനയിൽനിന്നു് നൂറുവാരയും അകന്നുനിൽക്കണം. എന്നാൽ ഒരു വഞ്ചകനിൽനിന്നും എത്രമാത്രം അകന്നുനിൽക്കണമെന്നു് ഒരളവുപറയുക സാദ്ധ്യമല്ല. നീതിസാരം പിന്നെയും പറയുന്നു: 'തേളിൻെറ വിഷം അതിൻെറ വാലിലാണു്, ഈച്ചയുടെ വിഷം അതിൻെറ തലയിലാണു്, പാമ്പിൻെറ വിഷം അതിൻെറ പല്ലിലാണു്, എന്നാൽ ഒരു വഞ്ചകൻെറ വിഷം അവൻെറ സർവാംഗങ്ങളിലുമാണു്."

തൊമ്മൻെറ വിപുലമായ ജ്ഞാനത്തിൽ മാത്തൻ അത്ഭുതം കൊണ്ടു. എങ്കിലും മനുഷ്യനെ ഇത്രമാത്രം കൊള്ളരുതാത്തവനായി ചിത്രീകരിച്ചതു് അയാൾക്കു രസിച്ചില്ല. "നിയമം ഉള്ളിടത്താണു് പാപം എന്നു വി. പൗലോസ് പറഞ്ഞിട്ടുണ്ടു്. മനുഷ്യനു മാത്രമാണു സാന്മാർഗ്ഗിക നിയമങ്ങൾ. നിയമങ്ങളെ ചിലപ്പോൾ അവൻ ലംഘിച്ചു എന്നു വരാം. അതിനു പരിഹാരം ചെയ്തു പൂർവസ്ഥിതിയെ പ്രാപിക്കുവാനുള്ള കഴിവും അവനുണ്ടു്. പിതാവിനെ ധിക്കരിക്കുന്ന പുത്രൻ പശ്ചാത്തപിച്ചു ക്ഷമയാചനം ചെയ്യുന്നു. മോഷ്ടാവു് എടുത്ത മുതൽ തിരിയെകൊടുത്തു് കടം തീർക്കുന്നു. വസ്തുക്കൾ നശിപ്പിക്കുന്നവൻ നഷ്ടപരിഹാരം ചെയ്യുന്നു. തെററു ചെയ്യാത്തവനായി

ഒരുവനുമില്ല ലോകത്തിൽ. കുററമററവനെന്നു നിർവ്വിശങ്കം നടിക്കുന്നവൻ ഒന്നുകിൽ ഒരു വിഡ്ഢി, അല്ലെങ്കിൽ ഒരു കാപട്യക്കാരൻ ഏതായാലും അവനെ അവിശ്വസിക്കയേ വേണ്ടൂ എന്നാണു ജൂബർട്ട പറഞ്ഞിരിക്കുന്നതു്. വീഴാതിരിക്കുവാൻ സൂക്ഷിക്കുക; വീണാൽ എഴുന്നേൽക്കുക: ഇതു രണ്ടാണു മനുഷ്യന്റെ കടമ. കർത്താവിന്റെ മുന്നോടിയായിരുന്ന വി. യോഹന്നാൻ മംദാനാ ജനക്കൂട്ടത്തോടു പ്രസംഗിച്ചതു് പശ്ചാത്താപത്തിനു യോഗ്യമായ ഫലങ്ങൾ പുറപ്പെടുവിക്കുവിൻ എന്നാണു്. ഈശോ അരുളിച്ചെയ്തു: സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. നിങ്ങൾ പശ്ചാത്തപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ."

വീണാലും മനുഷ്യന്റെ മാഹാത്മ്യത്തിനു കുറവുണ്ടാകുന്നില്ലെന്നു സമർത്ഥിക്കുവാനായിരുന്നു മാത്തന്റെ ശ്രമം. പശ്ചാത്താപവും പരിഹാരപ്രവൃത്തികളും കൊണ്ടു് മനുഷ്യന്റെ തെററുകൾ മായ്ക്കപ്പെടുന്നു എന്നും മാത്തൻ തെളിയിക്കയായിരുന്നു. "ചെയ്തുപോയ തെററിനെപ്പററി പൂർണ്ണമായ ബോധമുണ്ടാകുമ്പോൾ ഒരാൾക്കു പശ്ചാത്താപമുണ്ടാകുന്നു. കഷ്ടം! ഞാൻ ദൈവപ്രമാണത്തെ ലംഘിച്ചല്ലോ. ഇനി എന്താണു ചെയ്യുക! ഈ മനസ്ഥിതിയാണു പശ്ചാത്താപം. മറെറാരുത്തനും നഷ്ടമില്ലാത്ത കാര്യങ്ങളിൽ പശ്ചാത്താപവും, പ്രായശ്ചിത്തവും, ഇനി പാപം ചെയ്യുകയില്ലെന്നുള്ള പ്രതിജ്ഞയും വേണ്ടുവോളം മതി. എന്നാൽ മുതൽനഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ അതു പരിഹരിക്കുകൂടി ചെയ്യണം."


"നിഷ്കളങ്കനായ ഒരാളെപ്പററി തെററിദ്ധരിക്കയും അയാളെക്കുറിച്ചു അപവാദം പറഞ്ഞുപരത്തുകയും ചെയ്തുവെങ്കിൽ അങ്ങനെ പ്രവർത്തിച്ച ആളിനു പശ്ചാത്താപം ഉണ്ടായേക്കാം. പക്ഷെ, വെള്ളിയാഴ്ച മാംസം ഉപയോഗിച്ച ഒരു കത്തോലിക്കൻ എന്തിനു പശ്ചാത്തപിക്കണം? വെള്ളിയാഴ്ച്ച ഇറച്ചിതിന്നുന്ന മനുഷ്യൻ ആരെയെങ്കിലും ദ്രോഹിക്കുന്നുണ്ടോ? ഇത്തരം ചോദ്യങ്ങൾ എന്നോടു പലരും ചോദിച്ചിട്ടുണ്ടു്, മാത്തൻ എന്തു മറുപടിപറയും ഇതിനൊക്കെ?"

ഒരു ബുദ്ധിമാനും സന്മാർഗ്ഗനിഷ്ഠയുള്ളവനുമാണു് തൊമ്മൻ എന്നു മാത്തനു് അറിയാമായിരുന്നു. ആ ചോദ്യങ്ങൾ, തന്നെ, ഒന്നിളക്കുവാൻ അയാൾ ചോദിച്ചതായിരിക്കുമോ എന്ന സംശയം മാത്തനുണ്ടായി. എങ്കിലും മാത്തൻ മറുപടി പറയുവാൻ തന്നെ നിശ്ചയിച്ചു. "ഒരു പ്രവൃത്തി ശരിയോ തെററോ ആകുന്നതു് പ്രമാണങ്ങളുമായി അതെങ്ങനെ പൊരുത്തപ്പെടുന്നു എന്ന വീക്ഷണകോണത്തിൽ നിന്നുമാണു്. ഒരു പട്ടി അയല്ക്കാരന്റെ കോഴിയെ പിടിച്ചുതിന്നാൽ കോഴിയുടെ ഉടമസ്ഥൻ പട്ടിയെ പ്രതിയാക്കി ഒരു കേസുകൊടുക്കാറില്ല. പട്ടിയുടെ ഉടമസ്ഥനെയാണു പ്രതിയാക്കുന്നതു്. കാരണം മൃഗങ്ങൾക്കു പ്രമാണങ്ങളില്ല; മനുഷ്യർക്കാണു വ്യക്തിത്വവും പ്രമാണങ്ങളും. പട്ടിയുടെ ഉടമസ്ഥൻ പട്ടിയുടെ വിക്രിയകൾക്കും ഉത്തരവാദിത്വം വഹിക്കണം. അയല്ക്കാരനെ സ്നേഹിക്കണം എന്നൊരു പ്രമാണം ഉള്ളതുകൊണ്ടാണു മറെറാരാളെക്കുറിച്ചു് അപവാദം പറഞ്ഞുപരത്തിയതു് തെററായിത്തീന്നതു്. അതുപോലെതന്നെ ചില കാരണങ്ങളിൽ വെള്ളിയാഴ്ച കത്തോലിക്കർ മാംസം ഉപയോഗിച്ചുകൂടാ എന്നു ദൈവത്തിന്റെ പ്രതിനിധിയായ തിരുസഭ ഒരു പ്രമാണം നൽകിയിരിക്കുന്നു. വെള്ളിയാഴ്ച മാംസം ഉപയോഗിക്കുന്നവൻ ആ പ്രമാണത്തെയാണു ലംഘിക്കുന്നതു്. തിരുസഭയ്ക്കു് യുക്തമെന്നു തോന്നുമ്പോൾ ഈ പ്രമാണം റദ്ദു ചെയ്തുകളയാം. മെക്സിക്കോയിൽ വെള്ളിയാഴ്ചത്തെ മാംസവർജ്ജനം രണ്ടുകൊല്ലത്തേയ്ക്കു് നീക്കിയിരിക്കുന്നതായി പത്രത്തിൽ കാണുകയുണ്ടായി.

"വി. കുർബാനയുടെ സ്വീകരണത്തിനു് ഒരുക്കമായി മൂന്നു കാര്യങ്ങളാണു ചെയ്യേണ്ടിയിരിക്കുന്നതു്. അതിൽ ഒന്നാമത്തേതു്, പാതിരാതൊട്ടു വി. കുർബാന ഉൾക്കൊള്ളുന്നതുവരെ ഉപവസിക്കുക എന്നാണല്ലോ. ഉപവസിക്കേണ്ടതു് എങ്ങനെ എന്നും തിരുസഭ നിശ്ചയിച്ചു. ഒരുതുള്ളി പച്ചവെള്ളം ഇറങ്ങിപ്പോകുന്നതുപോലും ഉപവാസലംഘനമായിട്ടാണു പരിഗണിക്കപ്പെട്ടിരുന്നതു്. എന്നാൽ 12-ാം പീയൂസ് മാർപ്പാപ്പാ ആ ഉപവാസത്തിനു് ഒരു പുതിയ വ്യാഖ്യാനം നൽകി. അതനുസരിച്ചു് പച്ചവെള്ളം വേണ്ടുവോളം, ഉപവാസം ഭഞ്ജിക്കാതെ കുടിക്കാമെന്നായി. ഒരു കാലത്തു് ഘനമായ പാപമായിരുന്ന ഒരു കൃത്യം ഇന്നു പാപമേ അല്ല. അധികാരസ്ഥാനത്തുനിന്നും നിയമത്തിനു പുതിയ വ്യാഖ്യാനം നൽകി എന്നതാണു കാരണം. അതിനാൽ പശ്ചാത്താപത്തിന്റെ അടിസ്ഥാനം നിയമത്തെ ലംഘിച്ചു എന്ന ബോധമാണു്. നിയമങ്ങളോടുകൂടി അതനുസരിക്കുന്നവർ

## വ്രതവാഗ്ദാനം—തിരുവനന്തപുരം.

1956 മേയ് 10-ാംനു- ഈ താഴെക്കാണുന്ന സഹോദരന്മാർ കാർമ്മെൽഹിൽ ആശ്രമദേവാലയത്തിൽ വച്ച് തങ്ങളുടെ ആഘോഷവ്രതവാഗ്ദാനം ചെയ്തിരിക്കുന്നു. ബ്ര. ബൊനിഫേയിസ്, ഒ.സി.ഡി.; ബ്ര. സഖറിയാസ്, ഒ. സി. ഡി; ബ്ര. ജോസഫ് മേരി, ഒ. സി. ഡി; ബ്ര. പാട്രിക്ക്, ഒ. സി. ഡി.



ള്ള സമ്മാനവും ലംഘിക്കുന്നവർക്കുള്ള ശിക്ഷയും ദൈവം അറിയിച്ചു. നിയമലംഘനംമൂലം സ്വർഗ്ഗഭാഗ്യം നഷ്ടപ്പെട്ടല്ലൊ എന്ന ചിന്താഗതിയാണ് പശ്ചാത്താപത്തിനു കാരണമെങ്കിൽ അതു് ഉത്തമമനസ്താപമായി. നിത്യശിക്ഷ ലഭിക്കുമല്ലൊ എന്ന ഭയമാണു പശ്ചാത്താപത്തെ ഉളവാക്കുമെങ്കിൽ അതു് അടിമമനസ്താപമെന്നു പറയുന്നു."

ഇതുവരെയും മൗനം ആചരിച്ചിരുന്ന തൊമ്മൻ പ്രതിഷേധിച്ചു "ദൈവത്തോടുള്ള സ്നേഹത്തെ പ്രതിപശ്ചാത്തപിക്കുന്നതിനാണ് ഉത്തമ മനസ്താപം എന്നു പേർ. താങ്കൾ ഒരു പുതിയ ദൈവശാസ്ത്രം എഴുതുവാൻ പോകയാണെന്നു തോന്നുന്നു." തന്റെ പ്രസ്താവനയ്ക്കു് ഒരു വിശദീകരണം ആവശ്യമാണെന്നു് മാത്തനു ബോദ്ധ്യമായി. അയാൾ പറഞ്ഞു "നിയമം അനുസരിക്കുന്നവക്കു് ദൈവം പറഞ്ഞൊത്തിരിക്കുന്ന സമ്മാനം സ്വർഗ്ഗഭാഗ്യമാണല്ലൊ. ദൈവത്തെ അഭിമുഖമായി കാണുകയും അവിടുത്തോടുകൂടി നിത്യകാലവും ജീവിക്കുകയും ചെയ്യുക എന്നതാണ് സ്വർഗ്ഗഭാഗ്യം. അതിനാൽ നിത്യസമ്മാനം നഷ്ടപ്പെടുത്തിയതിനാൽ ഖേദിക്കുന്നവർ ദൈവത്തോടുള്ള സ്നേഹത്തെ പ്രതിയാണ് പശ്ചാത്തപിക്കുന്നതു്. ഫ്രാൻസിസ് സാലെസ് പുണ്യവാന്റെ കാലത്തു ജീവിച്ചിരുന്ന ഒരു സ്ത്രീയെപ്പററി ഒരു കഥയുണ്ടു്. ഒരു കൈയ്യിൽ ഒരു കുടം വെള്ളവും മറേറകൈയ്യിൽ കത്തിച്ച ഒരു പന്തവുമായി ആ സ്ത്രീ തെരുവീഥിയിൽ കൂടി നടന്നുപോകയായിരുന്നു. എവിടെ പോകുന്നു എന്നു് ചോദിച്ചവരോടു് അവളുടെ മറുപടി: 'ഈ കുടത്തിലെ വെള്ളംകൊണ്ടു് നരകത്തിലെ തീയ് കെടുത്തി കളയുവാനും ഈ പന്തംകൊണ്ടു് സ്വർഗ്ഗം ചുട്ടുകളയുവാനും ഞാൻ ആഗ്രഹിക്കുന്നു സ്വർഗ്ഗഭാഗ്യത്തെ പ്രതിയോ നരകത്തിയെ ഭയന്നോ അല്ല മനുഷ്യർ ദൈവത്തെ സ്നേഹിക്കേണ്ടതു്. ദൈവം ദൈവമായിരിക്കുന്നതുകൊണ്ടുതന്നെ ഏവരും അവിടുത്തെ സ്നേഹിക്കണം."

"ആ ഭക്തയായ സ്ത്രീയിൽ ഒരു ചിന്താക്കുഴപ്പം ഉണ്ടായി എന്നു ഞാൻ വിചാരിക്കുന്നില്ല. സ്വർഗ്ഗം എന്നതു് ദൈവത്തിൽ നിന്നും വേർപെട്ട ഒരു സ്ഥലമായി അവർ ഭാവന ചെയ്തിരിക്കാം. എങ്കിലും ആ സ്ത്രീയുടെ സ്നേഹസമ്പന്നമായ ഹൃദയത്തെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ദൈവത്തോടുള്ള സ്നേഹം പ്രകടിപ്പിക്കേണ്ടതു് അവിടുത്തെ പ്രമാണങ്ങൾ കാത്തുകൊണ്ടാകുന്നു എന്നു് കർത്താവുതന്നെ അരുളിച്ചെയ്തിട്ടുണ്ടു്. പ്രമാണം കാക്കുന്നവക്കു നല്കുന്ന സമ്മാനം താൻതന്നെ ആയിരിക്കുമെന്നും അവിടുന്നു് വാഗ്ദത്തം ചെയ്തിരിക്കുന്നു. പ്രമാണത്തെ ലംഘിച്ചവൻ പശ്ചാത്തപിക്കണം പശ്ചാത്താപമുള്ള ഒരു ഹൃദയത്തെ ദൈവം നിരസിക്കയില്ല എന്നു് സങ്കീർത്തകനും പാടിയിരിക്കുന്നു. (തുടരും)

## അൽമായ കർമ്മെലീത്തരോടു്

# ദൈവസാന്നിദ്ധ്യസ്മരണ

(റവ. ഫാ. ആക്കെയിൻജൽ, ഒ. സി. ഡി.)

കർമ്മെലീത്താ മൂന്നാംസഭാനിയമത്തിൽ ധ്യാനത്തെക്കുറിച്ചുള്ള അദ്ധ്യായം അവസാനിക്കുന്നതു് ദൈവസാന്നിദ്ധ്യസ്മരണ പരിശീലിക്കണമെന്നുള്ള ആഹ്വാനത്തോടുകൂടിയാണു് (അ. 12, ന 51). കർമ്മെലീത്തരുടെ പ്രത്യേകതയായ ധ്യാനജീവിതത്തിനു് അനുപേക്ഷണീയമാകുന്നു പ്രസ്തുത ദൈവസാന്നിദ്ധ്യസ്മരണ.

"കർത്താവിൻെറ കണ്ണുകൾ എല്ലായിടത്തും ശിഷ്ടരേയും ദുഷ്ടരേയും നോക്കിക്കൊണ്ടിരിക്കുന്നു." (സുഭാ. 15/3).

"അയാളുടെ മുമ്പാകെ അദൃശ്യമായ ഒരു സൃഷ്ടിയും ഇല്ല. എന്നാൽ സകലവും അയാളുടെ കണ്ണുകൾക്കു് നഗ്നവും തുറന്നതുമായിരിക്കുന്നു."

(എബ്രാ. 4/13)

"ദൈവം ആകാശത്തേക്കാൾ ഉന്നതൻ, പാതാളത്തേക്കാൾ ഗംഭീരൻ, ഭൂമിയെക്കാൾ ദൈർഘ്യമുള്ളവൻ, സമുദ്രത്തെക്കാൾ വിശാലൻ" (ജോബ് 11/16) ഇത്യാദി വേദോക്തികൾ സർവ്വേശ്വരൻെറ സാർവ്വത്രികസാന്നിദ്ധ്യത്തെ പ്രഘോഷിക്കുന്നു.

### പ്രകൃത്യനുസ്യൂതമായ സാന്നിദ്ധ്യം

ആവിഷ്കരണത്തിൻെറ ആവശ്യമില്ലാതെ, ബുദ്ധിയുടെ സ്വാഭാവിക പ്രകാശത്തിൽ മാത്രം കണ്ടുപിടിക്കാവുന്ന ഒരു സത്യമാണു് സ്രഷ്ടാവിൻെറ സാർവ്വത്രിക സാന്നിദ്ധ്യം. അനന്തവും, ആവശ്യകവുമായ ഒന്നു് വസ്തുക്കളാൽ ക്ലിപ്തപ്പെടുത്താവുന്നതല്ലാത്തതിനാൽ അപ്രകാരമുള്ള ദൈവം എങ്ങും വ്യാപിച്ചിരിക്കതന്നെ വേണം.

ഏതെങ്കിലും ഒരു വസ്തുവിലോ, സ്ഥലത്തോ, കാലത്തോ ദൈവം ഇല്ലാതെവന്നാൽ, അഥവാ ദൈവത്തെക്കൂടാതെ ദൈവത്തിനുപുറമെ മററെന്തെങ്കിലും ഉണ്ടെന്നുവന്നാൽ, ദൈവം അനന്തനാവില്ല, ദൈവമാവില്ല. പാസിഫിക്കിൻെറ അത്യഗാധതലങ്ങളിലും ഹിമവാൻെറ ഉന്നതശൃംഗങ്ങളിലും, ഭൂതലത്തിലെ നിസ്സാരവും നികൃഷ്ടവുമായ സൃഷ്ടിയിലും, ആകാശത്തിലെ പടുകൂററൻ ഗോളങ്ങളിലും, നരകത്തിലെ അന്ധകാരനിബിഡവും ദുർഗ്ഗന്ധപൂരിതവുമായ അഗാധത്തിലും, സ്വർഗ്ഗത്തിലെ സാന്ദ്രസുന്ദരവും പ്രകാശമാനവുമായ സൗധങ്ങളിലും അദ്ദേഹം സന്നിധാനം ചെയ്യുന്നു.

പ്രകൃത്യനുസ്യൂതവും ബുദ്ധിഗോചരവുമായി ത്രിവിധ സാന്നിദ്ധ്യമാണുള്ളതു്. സർവ്വേശ്വരൻ സ്വസത്തയാലും, അറിവിനാലും, അധികാരത്താലും, ചേതനവും അചേതനവുമായ സകലതിലും, അവയ്ക്കു പുറമെ വല്ലതുമുണ്ടെങ്കിൽ അതിലും, സന്നിഹിതനായിരിക്കുന്നുണ്ടു്.

### സത്തയാലുള്ള സാന്നിദ്ധ്യം

വെള്ളത്തിൽ മുക്കിയെടുത്ത സ്പഞ്ചിൻെറ (നീർപഞ്ഞി) സർവ്വഭാഗങ്ങളിലും ജലം വ്യാപിച്ചിരിക്കുന്നതുപോലെയോ, പളുങ്കിൽ പതിച്ച സൂര്യകിരണം അതിൻെറ നാനാഭാഗങ്ങളിലും പരന്നുകാണപ്പെടുന്നതുപോലെയോ ദൈവം എല്ലാ വസ്തുക്കളിലും അവയുടെ എല്ലാ ഭാഗങ്ങളിലുമുണ്ടു്. സ്വസ്വഭാവത്താൽ സർവ്വേശ്വരൻ ഇതരവസ്തുക്കളുടെ സ്വഭാവവുമായി യോജിച്ചു് അവയിൽ സ്ഥിതിചെയ്യുന്നു.

എന്നാൽ അനന്തനും, അപരിമിതനുമായ ഈശ്വരനു് ഇതരവസ്തുക്കളുടെ സ്വഭാവവുമായി രൂപാന്തരപ്പെടുകയോ, അവയുടെ സ്വഭാവത്തെ തൻെറ സ്വഭാവത്തിൽ ലയിപ്പിക്കുകയോ സാദ്ധ്യമല്ലതന്നെ. ദൈവസാന്നിദ്ധ്യത്താൽ ദൈവത്തിൻെറ സ്വഭാവത്തിനാവട്ടെ, വസ്തുക്കളുടെ സത്തയ്ക്കാവട്ടെ, മാററമൊന്നും സംഭവിക്കുന്നുമില്ല.

അതിനാൽ നമ്മുടെ ചില പൗരാണികശാസ്ത്രജ്ഞന്മാരും അവരുടെ അർവ്വാചീന ശിഷ്യരും കൊട്ടിഘോഷിക്കുന്ന "മായാവാദം" അശാസ്ത്രീയമാണു്. ദൈവസാന്നിദ്ധ്യത്തിൻെറ അശാസ്ത്രീയമായ പരിഗണനയാണു് മായാവാദത്തിനു ബീജാവാപം ചെയ്തതെന്നു പറയുന്നതിൽ അപാകത ഉണ്ടെന്നു തോന്നുന്നില്ല ജാലവിദ്യക്കാരനെപ്പോലെ സ്രഷ്ടാവുതന്നെ

# പ്രയോജനമുള്ള ഒരു പടച്ചട്ട

(ജെ. മൂലേക്കുടി, വാഴക്കുളം)

ജീവിതം, സ്രഷ്ടാവിൽ നിന്നുള്ള ഒരു ദാനമാണ്. ജീവിക്കുക, ഒരു ഭാഗ്യമായിക്കരുതുന്നു മനുഷ്യരൊക്കെയും. താഴ്ന്ന പദവിയിലുള്ളവരും, ഉയർന്ന സ്ഥാനത്തിരിക്കുന്നവരും ആശിക്കുന്നതു് ജീവിതത്തിനാകുന്നു. കാലം മുറിച്ചുള്ള ജീവിതത്തെ വെറുക്കുന്നു ദരിദ്രനും കുബേരനും. തൻമൂലമത്രേ "മറയിലുള്ള ഒരു സൗഭാഗ്യമാണ് ജീവിക്കുക"യെന്നു പ്രസിദ്ധ പ്രബന്ധകർത്താവായ ബേക്കൺ പറയുന്നതു്.

മനുഷ്യനു ശരീരവും ആത്മാവുമുണ്ടു്. ശരീരത്തെ സംരക്ഷിക്കുന്നതിനു വഴികൾ മനുഷ്യർ തേടുന്നു. "മനുഷ്യന്റെ ജീവിതം ഒരു യുദ്ധമാണ്." യുദ്ധാഘട്ടങ്ങളിൽ പരമ പ്രാധാന്യമർഹിക്കുന്ന സംഗതി, പട്ടാ

---

സൃഷ്ടികളാക്കി കാണിച്ചു കളിപ്പിക്കുന്നു; പല വർണ്ണം സ്വീകരിക്കുന്ന ഓന്തിനെപ്പോലെ സ്വയം രൂപാന്തരപ്പെടുത്തി നമ്മെ ഭ്രമിപ്പിക്കുന്നു; ഇരുട്ടിൽ കയറു സർപ്പമായി തോന്നുന്നതുപോലെ നാം അധ്യസ്തരാകുന്നു. ഇത്യാദി പ്രയോഗങ്ങളെ ഈശ്വരന്റെ സർവ്വവ്യാപിത്വത്തെക്കുറിച്ചുള്ള അത്യുക്തികളായി ഒരുപക്ഷെ പരിഗണിക്കാം.

ആരംഭവും, അന്ത്യവും, മാററവും ഉള്ള സൃഷ്ടികൾ ഇവയൊന്നുമില്ലാത്ത ഈശ്വരന്റെ രൂപങ്ങളോ മായാപ്രദർശനങ്ങളോ ഒന്നും അല്ല; ആകുക അസാദ്ധ്യവുമാണ്. പക്ഷെ, അവയിൽനിന്നു് അകന്നല്ല അവിടുന്നു സ്ഥിതിചെയ്യുന്നതു്. ഈശ്വരനെത്തേടി കൈലാസത്തിലോ, പാലാഴിയിലോ, ദേവലോകത്തോ ഒന്നും പോകേണ്ടതില്ല "അവൻ നമ്മിൽ ഓരോരുത്തരിൽനിന്നു് അകന്നിരിക്കുന്നവനല്ലല്ലോ. എന്തുകൊണ്ടെന്നാൽ അവനിലാകുന്നു നാം ജീവിക്കുകയും ചരിക്കുകയും ഭവിക്കുകയും ചെയ്യുന്നതു്". (നടപടി 17/27).

സ്രഷ്ടാവു് തന്റെ സത്തയെ സൃഷ്ടികളുടെ സത്തയുമായി യോജിപ്പിച്ചു എങ്കിലും സ്വ സത്തയേയോ അവയുടെ സത്തകളേയോ നശിപ്പിക്കുകയോ രൂപഭേദം വരുത്തുകയോ ചെയ്യാതെ, അവയ്ക്കു് ആസ്ഥിത്വവും, ജീവനും, ശക്തിയും അനുസ്യൂതം നൽകിക്കൊണ്ടു് അവയിൽ സദാ അധിവസിക്കുന്നു; അവ അദ്ദേഹത്തിലും.

എന്നിരുന്നാലും അരൂപിയായ ആ സച്ചിദാനന്ദസ്വരൂപൻ വസ്തുക്കളാൽ വിഭജിക്കപ്പെടുന്നില്ല.

മനുഷ്യാത്മാവു് ശരീരത്തിന്റെ ഏററവും നിസ്സാരവും ഹീനവുമായ ഭാഗത്തിൽപോലും മുഴുവനായി സ്ഥിതിചെയ്യുന്നതുപോലെ ഈശ്വരൻ സകല സൃഷ്ടികളിലും, അവിഭാജ്യനായി പരിപൂർണ്ണനായി സന്നിഹിതനായിരിക്കുന്നു. പക്ഷെ, അവിടുന്നു പ്രപഞ്ചത്തിന്റെ ആത്മാവാകുന്നില്ല; പ്രപഞ്ചം അദ്ദേഹത്തിൽ സ്ഥിതിചെയ്യുന്നു. അദ്ദേഹം പ്രപഞ്ചത്തിൽ സൃഷ്ടി, സ്ഥിതി, സംഹാരകർത്താവായും അധിവസിക്കുന്നു.

മനുഷ്യാത്മാവു് ശരീരത്താൽ ആവരണം ചെയ്യപ്പെട്ടു്, അതിനോടു ബന്ധിക്കപ്പെട്ടിരിക്കുന്നതുപോലെ ഈശ്വരൻ പ്രപഞ്ചത്താലോ ജഡത്താലോ ബന്ധിതനല്ല. വാനാരൂപികളെപ്പോലെ അവിടുന്നു് സ്വതന്ത്രനാണ്. അരൂപികളും ജഡത്താൽ ബന്ധിതരല്ലെങ്കിലും, സ്ഥലത്താൽ അവരുടെ സാന്നിദ്ധ്യം ക്ലിപ്തപ്പെടുത്തപ്പെട്ടിരിക്കുകയാണ്. അവർക്കു് സ്വന്തം ശക്തിയാൽ, പല സ്ഥലങ്ങളിൽ ഏകകാലത്തു് സന്നിഹിതരാവുക സാദ്ധ്യമല്ല. ഈശ്വരനാവട്ടെ, സ്ഥല, കാല, വസ്തുക്കളാൽ പരിമിതനല്ല. ദൈവസാന്നിദ്ധ്യം സംബന്ധിച്ചുള്ള നമ്മുടെ ജ്ഞാനം, താത്വികമായിരുന്നാൽ പോരാ, അതു നമ്മുടെ പ്രായോഗിക ജീവിതത്തിൽ പ്രതിഫലിക്കണം. അതു നമ്മുടെ പ്രവർത്തനങ്ങൾക്കു ചൈതന്യം നൽകണം. ദൈവസാന്നിദ്ധ്യത്തിൽ ചരിക്കുന്നവൻ തിന്മയിൽ വീഴുക അത്ര എളുപ്പമല്ല. ഈശ്വരസ്മരണ, പുണ്യം ചെയ്യുന്നതിനു പ്രചോദിപ്പിക്കയും പാപത്തെ പ്രതിരോധിക്കയും ചെയ്യുന്നു. മത്സ്യം ജലത്തിലെന്നപോലെ ഈശ്വരനിലാകുന്നു "നാം ജീവിക്കുകയും ചരിക്കുകയും ഭവിക്കുകയും ചെയ്യുന്നതു്." (നടപടി 17–27).

(തുടരും)

ളക്കാരുടെ പടച്ചട്ടയും ഭക്ഷണവുമാണു്. "To oil the armour" – പടക്കോപ്പുകൾക്കു എണ്ണയിടുക" എന്നതു് യുദ്ധാത്തിനുള്ള ഒരുക്കമായിക്കരുതുന്നു എവിടെയും. ചൂടിനും തണുപ്പിനും സംരക്ഷണത്തിനും പടച്ചട്ട പ്രത്യേകം പ്രത്യേകം ആവശ്യമാണു്, കാലവ്യത്യാസമനുസരിച്ചു്. പട്ടാളക്കാരുടെ ശാരീരികപ്രവർത്തനത്തിന്നു് തൻമൂലം, പടച്ചട്ട പ്രാമാണ്യമർഹിക്കുന്നുവെന്നുവേണം പറയുവാൻ.

എന്നാൽ, മനുഷ്യനു് ശരീരംതന്നെയല്ല, ആത്മാവുംകൂടെയുണ്ടു്. ആത്മാവിനും വീരപോരാട്ടങ്ങൾ നടത്തേണ്ടതായിട്ടുണ്ടെന്നു് അനുഭവത്തിൽ നാം ഗ്രഹിക്കുന്നു. അതിനും പലേതരം പടച്ചട്ടകൾ ആവശ്യമാണു്. പ്രാമാണ്യമർഹിക്കുന്ന, പ്രയോജനമുള്ള പടച്ചട്ടയാണു് ഉത്തരീയം. ഉത്തരീയത്തിന്റെ ഉൽഭവത്തെ കുറിക്കുന്ന ഒരു വിശിഷ്ടദിനമാണു് ഈ ജൂലൈ 16-ാംനു-. അതിനാൽ, നമ്മുടെ ഒരു വിശിഷ്ട പടച്ചട്ടയായ ഉത്തരീയത്തെപ്പറ്റി അറിയുന്നതു് ഒരു അറിവുതന്നെയായിരിക്കും.

ഓരോ കാലങ്ങളിലും ദൈവവും തന്റെ വിശുദ്ധന്മാരും സാന്ത്വനമരുളീട്ടുണ്ടു്. വാക്കുമൂലവും പ്രവൃത്തിമൂലവും. കർമ്മലീത്താസഭയ്ക്കു് എതിരിടേണ്ട ഒരു വിഷമഘട്ടം ഉണ്ടായിരുന്നു.

വിയർപ്പുകൊണ്ടു വീർപ്പുമുട്ടിയ അവസരത്തിൽ സഭാതലവൻ സൈമൺസ്റ്റോക്കിനു പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ടു്, ഉത്തരീയം നൽകി. ഈ പടച്ചട്ട ധരിക്കുന്നവർ നിത്യമായി നശിക്കയില്ലെന്നു വാഗ്ദാനം ചെയ്തു. വിശുദ്ധ സൈമൺസ്റ്റോക്കു് ഉത്തരീയഭക്തി പ്രചരിപ്പിച്ചു. തൽഫലമായി, ആത്മിക ശത്രുക്കളോടു പോരാടുന്നതിനു ശേഷിയും ശേമുഷിയും ലഭ്യമായി. ഉത്തരീയഭക്തി പരന്നുവരികയാണു് അന്നുമുതൽ.

ഉത്തരീയം പിശാചിനു വെറുപ്പുള്ള ഒരു പടച്ചട്ടയാണു്. കാരണം, ദൈവികമാണു് അതിന്റെ ഉത്ഭവം; ദൈവികമാണു് അതിന്റെ വളർച്ച; ദൈവികമാണു് അതിന്റെ മട്ടവും ചിട്ടയും. ഇന്നത്തെ കമ്മ്യൂണിസ്റ്റ് യുഗത്തിൽ ഉത്തരീയമാകുന്ന പടച്ചട്ട, പടമാണെന്നു ജല്പനം ചെയ്യുന്നവരാണു് അധികംപേരും ഇന്നത്തെ യുവാക്കളിലും യുവതികളിലും. ദൈവികമായിട്ടുള്ളതിനെ ഒക്കെയും തല്ലിത്തകർക്കണമെന്നു് ആർത്തുവിളിക്കുന്ന വല്ലാത്ത കാലയളവിലാണു് നമ്മുടെ ജീവിതം. അതിനാൽ അതിശയിക്കാനില്ല അവരുടെ അടവുകളിൽ. ഈ പരിപാവന പടച്ചട്ട ഭക്തിയോടെ ധരിക്കുന്നതു് ആത്മാവിനും ശരീരത്തിനും ഒരു സംരക്ഷണം തന്നെയെന്നുള്ളതിൽ തർക്കമില്ല.

കൊന്ത, വെന്തീങ്ങാ എന്ന ഉപാധികൾ ഉപായമാണെന്നു് സങ്കല്പിക്കുന്ന കമ്മ്യൂണിസ്റ്റ് അനുഭാവികൾ. ദൈവവിശ്വാസം കെട്ടാൽ വരുന്ന വിനകളാണിവ. വിശ്വസാഹിത്യകാരനായ ഡാനിയേൽ ഡെഫോ പറഞ്ഞു: "മതമില്ലാത്ത മനുഷ്യൻ മൃഗത്തേക്കാൾ അധമനാണു്" എന്നു്. മതത്തെ അവഹേളിച്ച രാജ്യങ്ങൾ കണ്ണുനീരിന്റെ നനവെന്തെന്നു് ഗ്രഹിച്ചിട്ടുണ്ടു്. ഹിററ്ലർ, മുസ്സലീനി പ്രഭൃതികൾ മതത്തേയും മതകാര്യങ്ങളേയും അവഹേളിച്ചുകൊണ്ടു് നാസ്സിസ്സവും, ഫാസ്സിസ്സവും പ്രചരിപ്പിച്ചു. തൽഫലമായി, ദാരുണമായ അന്ത്യം അവർക്കു് അനുഭവപ്പെട്ടു...............

കത്തോലിക്കാസഭയിൽ പലേ പടച്ചട്ടകളാകുന്ന ഉപാധികളുണ്ടു് ധരിക്കുന്നതിനും സംരക്ഷണം നൽകുന്നതിനും. അതുകളെ വേണ്ടവിധം തേച്ചുമിനുക്കി, മുഷിയാതെയും, മടുക്കാതെയും ഉപയോഗിച്ചാൽ ശരീരസംശുദ്ധിക്കും, ആത്മവിശുദ്ധീകരണത്തിനും നന്നു്.

"I give you the end of a golden string
Only wind it into a ball,
It will lead you in at Heaven's Gate,
Built in Jerusalem's wall". (Southy)

# ക്രിസ്ത്യാനിയുടെ മൂന്നു പവിഴമണികൾ

(By ബ്രദർ പോൾ ജെ. ആനത്താഴത്ത്)

വേദോപദേശത്തിൽ നാം പഠിക്കാറുണ്ട് ക്രിസ്ത്യാനികളുടെ മൂന്നു പവിഴമണികളായ ദൈവികപുണ്യങ്ങളെപ്പററി. വിശ്വാസം, ശരണം, ഉപവി എന്നിവയാണ് ഈ മൂന്നു ദൈവികപുണ്യങ്ങൾ. ഏതൊരു ക്രിസ്ത്യാനിക്കും ഇവ അവശ്യാവശ്യമാകുന്നു.

ഒന്നാമത്തെ ദൈവിക പുണ്യമാണ് വിശ്വാസം. ആരിൽ വിശ്വസിക്കണം? എന്തിൽ വിശ്വസിക്കണം? ഇവയാണ് ഇന്നത്തെ പ്രശ്നം. ബഹുസഹസ്രം ജനങ്ങളെ അന്ധരാക്കി നരകത്തിലേക്ക് തള്ളിവിടുവാൻ അക്ഷീണയത്നം ചെയ്യുന്ന പിശാചുക്കളുടെ പിൻഗാമികളായ കമ്മ്യൂണിസ്ററുകാർ, പാവങ്ങളുടെ രക്ഷകരെന്നഭിനയിച്ച് തൊഴിലാളികളുടെ ചുടുരക്തം ഊററിക്കുടിക്കുവാൻ ഉദ്യമിക്കുകയാണ് ഈ നൂററാണ്ടിൽ. അവർ ആവശ്യപ്പെടുന്നു തങ്ങളുടെ നിരീശ്വരസിദ്ധാന്തങ്ങളേയും, അവയുടെ ഉപജ്ഞാതാക്കളായ കാറൽ മാർക്ക്സ്, ഏംഗൽസ്, ലെനിൻ തുടങ്ങിയ നേതാക്കന്മാരേയും കണ്ണുമടച്ചു വിശ്വസിക്കുവാൻ; അവരുടെ തത്വസംഹിതകളെ അക്ഷരംപ്രതി കൈക്കൊള്ളുവാൻ; അവരുടെ കാൽപ്പാടുകളെ പിന്തുടരുവാൻ. ഇന്നലെവരെ "തെററാ വര"മുണ്ടെന്ന് കണ്ണുമടച്ചു വിശ്വസിച്ചിരുന്ന സ്റ്റാലിൻ, ഇന്നു കമ്മ്യൂണിസ്ററു നേതാക്കന്മാരുടെ ദൃഷ്ടിയിൽ ഒരു കമ്മ്യൂണിസ്ററു വിരുദ്ധനും, അക്രമിയും, രാജ്യദ്രോഹിയും ആയി പരിണമിച്ചിരിക്കുകയാണ്.

എന്നാൽ ക്രിസ്തുവിന്റെ അനുയായികളായ നമുക്ക് ഒരേ ഒരു വിശ്വാസം മാത്രമുണ്ട്. അതാണ് സർവ്വവിശ്വാസങ്ങൾക്കും അടിസ്ഥാനവും അന്ത്യവും മൂലകാരണവുമായ ദൈവികവിശ്വാസം. അചഞ്ചലരായി ഈ വിശ്വാസത്തിൽ നാം നിലനിൽക്കണം. സർവ്വശക്തനായ ഏകദൈവത്തിൽ നാം വിശ്വസിക്കണം; പരിശുദ്ധാരൂപി സദാ പഠിപ്പിച്ചുകൊണ്ടിരുന്ന തിരുസ്സഭാമാതാവിലും അവളുടെ ശിക്ഷണങ്ങളിലും നാം വിശ്വസിക്കണം; മാർപ്പാപ്പാമാരുടെ "തെററാവര"ത്തിൽ നാം വിശ്വസിക്കണം. നമ്മുടെ വിശ്വാസം പ്രവൃത്തിയിൽ കൊണ്ടുവരുവാനും, അനന്തകൃപയാൽ ദൈവം നമുക്ക് നൽകിയിരിക്കുന്ന ഈ പുണ്യത്തിൽ മററുള്ളവരെ ഭാഗഭാക്കുകളാക്കുവാനും നാം പ്രയത്നിക്കണം. നമ്മുടെ വിശ്വാസത്തിനുവേണ്ടി മരിക്കുവാൻകൂടി നാം തയ്യാറായിരിക്കണം. ഈ സന്ദർഭം നമുക്ക് അനതിവിദൂരമല്ലായിരിക്കും. ഇന്നു വടക്കേ ഇന്ത്യയിൽ നടക്കുന്ന സംഭവങ്ങൾ നമ്മുടെ കണ്ണുകൾ തുറപ്പിക്കട്ടെ. എത്രയെത്ര മിഷ്യനറിവൈദികരേയും പുതുക്രിസ്ത്യാനികളേയുമാണു ഹിന്ദുമഹാജനസഭക്കാരും ആര്യസമാജക്കാരും മററും പീഡിപ്പിക്കുന്നതു്. അതിനാൽ നാമും നമ്മുടെ വിശ്വാസത്തെപ്രതി രക്തം ചിന്തേണ്ട സമയം വന്നേക്കും. നമുക്കുമുമ്പേ, നമ്മുടെ ദിവ്യരക്ഷകനും പരശതം രക്തസാക്ഷികളും വിശുദ്ധന്മാരും നടന്നിട്ടുണ്ട്. അവരുടെ കാൽപ്പാടുകളെ നമുക്കു പിന്തുടരാം

രണ്ടാമത്തെ ദൈവികപുണ്യമാണ് ശരണം. ഏതൊരു മനുഷ്യനും, പ്രത്യേകിച്ച് ഏതൊരു ക്രിസ്ത്യാനിക്കും ഒഴിച്ചുകൂടാത്ത ഒരു പുണ്യമാണ് അതു്. നമ്മുടെ പാപങ്ങൾ ഭീകരങ്ങളാണ്. സർവ്വനന്മയുടെയും ഇരിപ്പിടമായ ദൈവത്തോടു ചെയ്യുന്ന ഏററവും നിന്ദ്യാവഹമായ വെല്ലുവിളിയാണ് പാപം. പാപം ചെയ്യുമ്പോൾ നമ്മുടെ ആത്മാക്കൾ നരകശിക്ഷയ്ക്കർഹരാകുന്നു. എന്നാൽ പശ്ചാത്തപിക്കുന്ന പാപിക്കു പൊറുതി ലഭിക്കും, പശ്ചാത്താപം വഴി. പശ്ചാത്തപിക്കുന്ന പാപി സ്വർഗ്ഗത്തെ പൂകുവാൻ വേണ്ടി നമ്മുടെ കർത്താവീശോമിശിഹാ തന്റെ അവസാനത്തുള്ളിരക്തംപോലും കാൽവരിമേൽവെച്ച് ചിന്തുകയുണ്ടായി. അതിന്റെ ഫലമെന്താണ്? ആദത്തിന്റെ പാപത്തിനു ശേഷം അടച്ചിട്ട സ്വർഗ്ഗവാതിൽ തുറക്കപ്പെട്ടു; കർത്താവിന്റെ തിരുരക്തം നമ്മുടെ പാപങ്ങളെ കഴുകി, നമ്മെ സ്വർഗ്ഗത്തിന്നർഹരാക്കി. ഇതിൽ നാം ശരണപ്പെടണം. യൂദാസ്സിനെപ്പോലെ പൊറുതി ലഭിക്കുകയില്ലെന്ന് വിചാരിച്ച് തൂങ്ങിച്ചാകാനുദ്യമിക്കാതെ, പത്രോസിനെപ്പോലെ കർത്താവിന്റെ അനുകമ്പയിലും സ്നേഹത്തിലും ശരണം വച്ച്, നമ്മുടെ പാപങ്ങളെ പ്രതി മനസ്തപിച്ചു

# കർമ്മേലനാഥ

(കൊച്ചിമം കാററത്തു് എ. മ.)

(ശ്രീ. പോറം മാധവൻനായർ)

1. നിർമ്മലകന്യേ, ഗുണാഢ്യേ മറിയമേ
കർമ്മലാരാമത്തിൽ വാഴുമമ്മേ
സ്വർഗ്ഗീയസന്മത്തിൽ നിത്യം വസിക്കും നീ
ശക്തിയും ഭക്തിയും ഏകണമേ.

2. കന്യകമാരിലും നിർമ്മലയായ നീ
കന്മഷമാകെയകറ്റേണമേ.
മായാപ്രപഞ്ചത്തിൻ ക്രൂരതകൾ ചൂഴുമ്പോൾ
കാരുണ്യദീപം തെളിക്ക നാഥേ.

3. നീറും നിരാശയിൽ മേവുന്ന ഞങ്ങളെ
പാലിച്ചുകൊള്ളണേ സ്വർഗ്ഗരാജ്ഞീ.
പാപാന്ധകൂപത്തിൽ വീഴാതെ ഞങ്ങളെ
പാലിക്ക കാരുണ്യക്കാതലേ നീ.

4. മർത്ത്യാവലിയുടെ തെറ്റുക്ഷമിപ്പാൻ നിൻ
പുത്രനോടെന്നുമപേക്ഷിക്കമ്മേ.
ശാശ്വത സമ്മാനം ഞങ്ങൾക്കു നൽകി നീ
ആശ്വാസമേകണേ നാക നാഥേ.

5. വ്യാകുല വാളുകളേഴും ധരിച്ച നീ
വാഴുക വാഴുക വാനിടത്തിൽ.
സത്യതിരുസ്സഭാരാമത്തിൻ രാജ്ഞിയായ്
നിത്യം വിരാജിച്ചു വെൽവൂതാക.

---

ചുടുകണ്ണീർ പൊഴിക്കണം. അതുമാത്രം പോരാ. ശവക്കുഴിക്കപ്പുറം ഒരു ജീവനുണ്ടെന്ന് നാം ശരണപ്പെടണം. നമ്മുടെ അമർത്ത്യമായ ആത്മാവ്, ഈ മാംസരക്തസമ്മിശ്രമായ ശരീരത്തോടുകൂടി നശിക്കുന്നില്ല. അതിന്റെ അന്തിമസ്ഥലം നിത്യസ്വർഗ്ഗമാണ്. അതിനായി നമുക്കു പരിശ്രമിക്കാം.

മൂന്നാമത്തെ ദൈവികപുണ്യം ഉപവി അഥവാ സ്നേഹമെന്നതാണ്. നാം മാതാപിതാക്കന്മാരെ സ്നേഹിക്കുന്നു; ബന്ധുമിത്രാദികളെ സ്നേഹിക്കുന്നു; അവർ നമ്മെയും സ്നേഹിക്കുന്നു. എന്നാൽ ഈ ദൈവികപുണ്യം ഇതിൽ മാത്രമടങ്ങിയിരിക്കുന്ന ഒന്നല്ലാ. "തന്നത്താൻ സ്നേഹിക്കുന്നതുപോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കുക" എന്ന് ഉത്ബോധിപ്പിച്ച ആ ക്രിസ്തുനാഥന്റെ അനുയായികളെന്നഭിമാനിക്കുന്ന നാം അയൽക്കാരനെ വെറുക്കുന്നത് നിന്ദ്യാവഹമല്ലേ? ക്രിസ്ത്യാനിയുടെ പ്രത്യക്ഷ ലക്ഷണം കൊന്തയോ, വെന്തിങ്ങയോ, മേക്കാമോതിരമോ മാത്രമല്ലാ, പിന്നെയോ രണ്ടക്ഷരത്തിലടങ്ങിയ "സ്നേഹ"മാണ്. നാം എല്ലാവരും ദൈവത്തിന്റെ മക്കളാണ്. തണ്ടലോടൊട്ടും വയറുമായി, അർദ്ധനഗ്നത മറയ്ക്കുവാനുടുതുണിയില്ലാതെ പീടികത്തിണ്ണയിൽ മഞ്ഞും, മഴയും, കാറ്റും, കുളിരുംകൊണ്ടു കിടന്നുറങ്ങുന്ന സാധുയാചകനും, മണിമാളികയിൽ മലർമെത്തയിൽ ശയിക്കുന്ന കുബേരനും ദൈവമെന്ന ഒരേ ഒരു പിതാവാണുള്ളത്. അവരിരുവരും ഒരേ ദൈവത്തിന്റെ സൃഷ്ടികളാണ്. തന്റെ ഛായയിലും സാദൃശ്യത്തിലുമാണു ദൈവം അവരിരുവരേയും സൃഷ്ടിച്ചിട്ടുള്ളത്. അതിനാൽ അവർ പരസ്പരം സ്നേഹിക്കണം. പാവങ്ങളിലും പണക്കാരിലും തൊഴിലാളികളിലും മുതലാളികളിലും നാം ദൈവത്തെ കാണണം. അവരുടെ അമർത്ത്യമായ ആത്മാക്കളെ, നാം ബഹുമാനിക്കണം.

പൂർവ്വക്രിസ്ത്യാനികളെ തിരിച്ചറിഞ്ഞിരുന്നത് അവരുടെ പരസ്നേഹത്തിൽനിന്നും ഐക്യത്തിൽനിന്നുമായിരുന്നു. എന്നാൽ ഇന്നത്തെ നിലയോ? ക്രൈസ്തവർ ചെയ്യുന്നിടത്തോളം അക്രമവും, അനീതിയും, ചൂഷണവും, ചതിയും മറ്റും യാതൊരു മതസ്ഥരും ചെയ്യുന്നില്ലെന്ന് ഒരു ഹൈന്ദവപണ്ഡിതൻ ഈയിടെ പ്രസ്താവിക്കുകയുണ്ടായി. ഈ പ്രസ്താവന അക്ഷരംപ്രതി വാസ്തവമല്ലെങ്കിലും അതിൽ സ്വല്പം സത്യമുണ്ട്. ക്രൈസ്തവരുടെ പ്രത്യക്ഷമായ അടയാളം പരസ്നേഹമാണെന്ന സത്യത്തെ വിസ്മരിച്ചു തമ്മിൽതല്ലും വഴക്കുമായി കഴിഞ്ഞുകൂടുന്ന നിരവധി വ്യക്തികളേയും കുടുംബങ്ങളേയും നാം കണ്ടുവരുന്നത് സാധാരണമാണ്.

അതിനാൽ ഉപവി എന്ന ദൈവികപുണ്യത്തിൽ നാം ഉറപ്പുള്ളവരായിരിക്കണം. അങ്ങിനെ ഈ മൂന്നു പവിഴങ്ങളാൽ അലംകൃതമായ രത്നകിരീടം ധരിച്ചു് ഉത്തമ ക്രിസ്ത്യാനികളായി നമുക്കു ജീവിക്കാം.

# വിശ്വാസദീപം


(എൻ. സി. മാത്യു, പൊൻകുന്നം)

(മഞ്ജരി)

രോഗസംപീഡിതൻ ലാസർ തൻ വാർത്തയ-
ന്നേതോ വിനീതനാം ദൂതനോതി
സ്നേഹിതദർശനകാംക്ഷയെച്ചൊല്ലിനാൻ
സ്നേഹിതശിഷ്യഗണത്തിനോടായ്
വൈമുഖ്യമാണവർ സമ്മതിച്ചില്ലതിൽ
വൈദേശസഞ്ചാര സംഭ്രമത്താൽ
ദുർഗ്ഗമം തന്നെ മലഞ്ചെരുവെന്നതും
ദുർഘടവൈരികൾ തൻതിമർപ്പും
ഒത്തുചേർന്നീടവേയല്ലജ്ഞരന്നത്തെ
ബുദ്ധികേടോതിയതത്ഭുതമോ?
സംശയഗ്രസ്തരാം സോദരന്മാരോടു
സംശുദ്ധചിത്തനൊരുത്തരനോതി.
"പോയി നമുക്കുമഃദ്രഹത്തോടൊന്നിച്ചു
ജീവൻ കളയാം വരിനെല്ലാരും."
ഏററമഗാധമപാരമാസ്നേഹത്തിൻ
മാററുരച്ചീടുവാൻ ശക്യമാമോ—?
ധൈര്യത്തിൻ ദീപം കൊളുത്തി, പരസ്നേഹ
ദീപ്തിയാൽ നീങ്ങിടയാന്ധകാരം!
"നിങ്ങൾ തന്നുള്ളം കലങ്ങരുതൊന്നിലും.
ഞാൻ പോയി സങ്കേതം തീർത്തിടട്ടേ.
എങ്ങുപോം ഞാനെന്നു നിങ്ങളറിയുന്നു-
ണ്ടെൻവഴിപോലും ഗ്രഹിപ്പോർ നിങ്ങൾ"
ഗീരുക്കളിത്ഥ്യേവം കേട്ടിട്ടുശിഷ്യന്മാർ
ആരും ഗ്രഹിച്ചില്ലതിങ്കലൊന്നും
അപ്പോഴുമുണ്ടൊരാൾ, കാപട്യമേശാതെ
കാര്യം ഗ്രഹിപ്പവൻ ശുദ്ധചിത്തൻ!

"അല്ലേ ഗുരുദേവ നിൻമാർഗ്ഗമിന്നീയുള്ളോർ
തെല്ലുമറിയുന്നില്ലുള്ളതത്രേ."
അപ്പരമാർത്ഥതയ്ക്കായിരമായിരം
അർത്ഥസംപുഷ്ട സ്കൃതം വേണം.
ആരിലും കാണാത്തശുദ്ധഹൃദയത്വ-
മാരിലുമേറിയ സ്വാമിഭക്തി!!
അത്തിരുവുത്ഥാനം; കണ്ടവരെല്ലാരു-
മത്തൽ വിട്ടന്നതു വിശ്വസിച്ചു.
"കൺമുൻപിൽ കണ്ടാലും കണ്ടവർചൊ
വിശ്വാസമാകില്ലെനിക്കതെല്ലാം [നാലും
തൊട്ടറിഞ്ഞീടണം തൻവിലാവോരോന്നും
തിട്ടമിന്നെങ്കിലേ വിശ്വസിക്കൂ."
ഇത്തരം ദുസ്ത്യാഗമ്മാഹദൂഷിതൻ
ക്രിസ്തുവിൻ ശിഷ്യരിലേകനത്രേ!!
പ്രത്യക്ഷീഭൂതനായ് സർവ്വസംശുദ്ധനാം
നിത്യൻ നിരാമയൻ ക്രിസ്തുദേവൻ
തൻശിഷ്യസത്തമൻ തന്മുൻപിൽ വന്നെത്തി
"തോമ്മാവരികെന്റെ പാർശ്വത്തിങ്കൽ"
അമ്മൊഴികേട്ടു പരംതപിച്ചപ്പൊഴേ
പശ്ചാത്തപിച്ചുടൻ മാപ്പിരന്നു.
"എന്റെ കർത്താവേയെൻ ദൈവമേ"യെന്നുള്ള
നിസ്സീമസ്നേഹത്തിൻ തേൻകണങ്ങൾ
അമ്മധുരാധരം മന്ദമുതിർത്തുപോയ്
പങ്കജം നാഥൻതൻ മുൻപിൽപോലെ.
നമ്മൾതൻ ജീവിതപന്ഥാവിലെന്നെന്നും
വിശ്വാസദീപം തെളിഞ്ഞിടേണം.





തിരുവനന്തപുരം ധ്യാനമന്ദിരത്തിൽ കഴിഞ്ഞ മേയ് മാസത്തിൽ ഏകാന്ത ധ്യാനം നടത്തിയ വിദ്യാർത്ഥിനീവിദ്യാർത്ഥികൾ



ഗുരുപ്പട്ടസ്വീകരണം.

1956 മേയ് 19-ാംനു- തിരുവനന്തപുരം കാർമ്മൽഹിൽ ആശ്രമദേവാലയത്തിൽവച്ച് ബ്ര. ആൻറണി ഒ. സി. ഡി. നി. വ. ദിവ്യ ശ്രീ. ഡോക്ടർ ബെർണാർഡ് പെരയിരാ തിരുമനസ്സിൽ നിന്നും ഗുരുപ്പട്ടം സ്വീകരിക്കുകയും പിറേറദിവസം 20-ാം തീയതി നവപൂജ അർപ്പിക്കുകയും ചെയ്തിരിക്കുന്നു.

വ്രതവാഗ്ദാനം—തക്കല

ബ്ര. അനസ്താസ്, ഒ. ഡി. സി., ബ്ര. യൂജിൻ ഒ. സി. ഡി. എന്നിവരുടെ പ്രഥമ വ്രതവാഗ്ദാനം 1956 മേയ് 1-ാംതീയതി സ്ഥലത്തെ ആശ്രമദേവാലയത്തിൽവച്ച് കർമ്മെലീത്താ ഒന്നാം സഭയുടെ പൊതു ശ്രേഷ്ഠൻ എത്രയും പെ. ബ. അനസ്താസ്, ഒ. സി.ഡി. സ്വീകരിച്ചിരിക്കുന്നു. തദവസരത്തിൽ പെ. ബ. ജനറാളച്ചൻ തന്നെ പാട്ടുപൂജ പാടി എന്നുള്ളതും സ്മർത്തവ്യമാണ്. ഇൻഡ്യയിലെ കർമ്മെലീത്താ ഒന്നാംസഭയുടെ ചരിത്രത്തിൽ ഇതപര്യന്തം സംഭവിച്ചിട്ടില്ലാത്ത ഒരു കാര്യമായിരുന്നു ഇതു്.

സഭാവസ്ത്രസ്വീകരണം—തക്കല

1956 ഏപ്രിൽ 30-ാം തീയതി സ്ഥലത്തെ ആശ്രമത്തിൽവച്ച് ബ്ര. അദെയോദാത്തൂസ് (ആർ. ജി. നാസറീൻ) തുണസഹോദരനായി സഭാവസ്ത്രം സ്വീകരിച്ച് നൊവീസിയാത്താരംഭിച്ചിരിക്കുന്നു.

## പുതിയ പുസ്തകങ്ങൾ

1. ദൈവവിളിസ്മരണകൾ - അനുവാദകൻ: മാത്യു കാട്ടടി. വശങ്ങൾ 60 (1956). പ്രസാധകർ: എസ് എച്ച്. ലീഗ് ആലുവാ നോർത്ത് P. O. വില 4 അണ

ആകർഷകമായ കവർ ചിത്രം. തമൈഥവ ഉള്ളടക്കവും. കാർഡിനൽ ഗിൽറോയ്, മോൺസി. ഫുൾട്ടൻ. ജെ. ഷീൻ, ഫാദർ പെയ്ററൻ തുടങ്ങി ഏഴു പ്രശസ്ത വ്യക്തികൾ തങ്ങളുടെ മഹനീയമായ ദൈവവിളിയുടെ മധുരസ്മരണകൾ ചിത്രീകരിക്കുന്ന വിവരങ്ങളാണ് ഈ ചെറുപുസ്തകത്തിലെ പ്രതിപാദ്യം. ആത്മാർത്ഥതയും സ്ഥിരപരിശ്രമവും ദൈവാനുഗ്രഹങ്ങളോടൊത്തു ചേരുമ്പോൾ ഉണ്ടാകുന്ന അൽഭുതാവഹമായ സാദ്ധ്യതകൾ ഓരോ വിവരണത്തിലും തെളിഞ്ഞു കാണാം. ദൈവവിളിസ്മരണകളുടെ ഹൃദ്യമായ ഈ വിവരണങ്ങൾ നമ്മുടെ യുവലോകത്തിനു തികച്ചും പ്രോത്സാഹജനകമായിരിക്കും. ദൈവാഹ്വാനത്തോടു സർവ്വാത്മനാ സഹകരിക്കുന്നതിന് ഈ ഗ്രന്ഥതല്ലജം നമ്മുടെ യുവജനങ്ങളെ പ്രേരിപ്പിക്കാതിരിക്കുകയില്ല. (ബി. സി.)

2. സദാചാരശാസ്ത്രം-രചയിതാവു: ശ്രീ. നരിക്കുഴി. വശങ്ങൾ XII+124; (1956). എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത് P. O. വില. 10 ണ.

ഇന്നു ലോകത്തിൽ പൊതുവേ നടമാടുന്ന അസമാധാനത്തിൻെറയും സാമൂഹികവും രാഷ്ട്രീയവുമായ കോളിളക്കങ്ങളുടേയും ഒരു പ്രധാനകാരണം ആധുനിക വിദ്യാഭ്യാസത്തിൻെറ ദൂഷ്യമാണെന്നു പറയാം. ഇന്നത്തെ വിദ്യാഭ്യാസപദ്ധതികളിൽ ബുദ്ധിപരവും കായികവുമായ വികസനത്തിനുള്ള സാദ്ധ്യതകൾ ബഹുമുഖങ്ങളാണ്. പക്ഷേ ബുദ്ധിക്കും ശരീരത്തിനും പുറമേ, മനുഷ്യനു മനസ്സും അതിനെ ആശ്രയിച്ചു നിൽക്കുന്ന ഒരു ധാർമ്മികവശവും കൂടിയുണ്ടല്ലോ. ഈ വശംകൂടി വികസിക്കാതെ ഒരാളുടെ വിദ്യാഭ്യാസം പൂർത്തിയാകുന്നില്ല. വ്യക്തികളുടേയും സമൂഹങ്ങളുടേയും ക്ഷേമത്തിനു അത്യന്താപേക്ഷിതമായിരിക്കുന്ന ഈ ധാർമ്മിക സംസ്കാരസമ്പാദനത്തിന് വളരെ സഹായിക്കുന്ന ഒരു ശാസ്ത്രവിഭാഗമാണ് സദാചാരശാസ്ത്രം.

ഇതുസംബന്ധിച്ചുള്ള പല ഗഹനമായ ആശയങ്ങളും ലളിതമായ ഭാഷയിൽ പ്രകാശിപ്പിച്ചിട്ടുള്ള ഗ്രന്ഥകാരൻ അഭിനന്ദനാർഹനാണ്. യാതൊരു മതത്തിൻെറയും പ്രത്യേക പ്രബോധനം ഉൾക്കൊള്ളിക്കാതെ, സൽസ്വഭാവരൂപീകരണത്തിൻെറ പ്രായോഗിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന ഈ ഗ്രന്ഥം ജാതിമതഭേദമെന്യേ എല്ലാവരും—യുവജനങ്ങൾ പ്രത്യേകിച്ചും-വായിച്ചിരിക്കേണ്ടതാണ്.

3. പുരോഗതിയുടെ മാർഗ്ഗത്തിൽ രചയിതാവു: ബി. ജി. കൊച്ചുവേളി. വശങ്ങൾ 143 (1956). പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോർത്തു P. O. വില 11 അണ.

പുരോഗതിയുടെ മാർഗ്ഗത്തിൽ മുമ്പോട്ടു ചരിക്കുന്ന മനുഷ്യരാശി ഇന്നൊരു ദുർഘടസന്ധിയിലാണ് വന്നെത്തിയിരിക്കുന്നതു. ചിന്താക്കുഴപ്പവും അഭിപ്രായാന്തരവും ഉളവാക്കുന്ന അനവധി പ്രശ്നങ്ങൾ അനുദിനമെന്നോണം പൊന്തിവന്നുകൊണ്ടിരിക്കുന്നു. ഇന്നത്തേ സാമൂഹികപ്രശ്നങ്ങൾ ഇവയിൽ ഒട്ടും അപ്രധാനമല്ല.

ഇതു സംബന്ധിച്ചുള്ള ക്രിസ്തീയപ്രബോധനമാണീഗ്രന്ഥത്തിലെ ഉള്ളടക്കം. ക്രിസ്തുവും സാമൂഹികവിപ്ലവവും, ക്രിസ്തുമതത്തിൻെറ സാമൂഹികപരിപാടികൾ, ക്രിസ്തുമതവും അധുനികപ്രശ്നങ്ങളും എന്നിങ്ങനെ മൂന്നു ഭാഗങ്ങളിലായി, സാധാരണക്കാർ അറിഞ്ഞിരിക്കേണ്ട തത്വങ്ങളെല്ലാംതന്നെ, ചുരുക്കമായിട്ടെങ്കിലും, ലളിതമായ ഭാഷയിൽ ചർച്ചചെയ്തിട്ടുണ്ട് രചയിതാവ്. ചില നല്ല ഇംഗ്ലീഷുഗ്രന്ഥങ്ങൾ ആധാരമായി അദ്ദേഹം സ്വീകരിച്ചിരിക്കുന്നതിനാൽ ആശയദാരിദ്ര്യം വന്നിട്ടില്ലാത്ത ഈ കൃതി സാമൂഹ്യവിഷയങ്ങളേ സംബന്ധിച്ചു നടത്തുന്ന പ്രസംഗങ്ങളിലും പഠനക്കളരികളിലും വളരെ പ്രയോജനപ്രദമായിരിക്കും.

4. ജോസിസം—രചയിതാവു്: ബ്രദർ വടക്കൻ.

വശങ്ങൾ IV+60. (1956) പ്രധാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോർത്തു്, P. O. വില 4 ണ.

ഒരു തൊഴിലാളിനേതാവു്, സുപ്രസിദ്ധനായ വാഗ്മി എന്നീ നിലകളിൽ എല്ലാവക്കും സുപരിചിതനായ ബ്രദർ വടക്കൻ തൻെറ ഗുരുപട്ട സ്വീകരണത്തിൻെറയും പ്രഥമ ദിവ്യപൂജാർപ്പണത്തിൻെറയും സ്മാരകമായി രചിച്ച ഒരു ലഘുലേഖ. ഇന്നത്തെ വ്യാവസായിക സാമൂഹിക സാമ്പത്തികപരിവത്തനങ്ങൾ ഉളവാക്കിയിരിക്കുന്ന പ്രതിസന്ധിഘട്ടത്തിൽ കത്തോലിക്കാത്തൊഴിലാളികൾ കമ്മ്യൂണിസ്റ്റ് പിടിയിലമരാതെ ക്രൈസ്തവതത്വങ്ങളിൽ കാലുറപ്പിച്ചു നിൽക്കണമെങ്കിൽ, ജോസിസം അഥവാ യുവക്രൈസ്തവ തൊഴിലാളിപ്രസ്ഥാനം അത്യന്താപേക്ഷിതമാണെന്നു് രചയിതാവു് ശക്തിയുക്തം സമത്ഥിക്കുന്നു ഈ പുസ്തകത്തിൽ. മററാക്കും ഏറെറടുക്കാൻ സാധിക്കാത്ത ദൈവദത്തമായ ഒരു ദൗത്യം കത്തോലിക്കാത്തൊഴിലാളികൾക്കുണ്ട്—ക്രിസ്തുവിനെ ഇതരതൊഴിലാളിവർഗ്ഗത്തിനു കാണിച്ചുകൊടുക്കുക. ഈ ദൗത്യം നിർവ്വഹിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന സുശക്തമായ സംഘടനയും, സമത്ഥവും നിസ്വാത്ഥവുമായ നേതൃത്വവും ആവശ്യമാണ്, എന്നിത്യാദി ചിന്താമൃതമായ ആശയങ്ങൾ ഒഴുകുന്ന ഭാഷയിൽ അകമഴിഞ്ഞ ആദർശബോധത്തോടുകൂടി ഫാ. വടക്കൻ തൻെറ ലഘുലേഖയിൽ ആപാദചൂഡം പ്രകടിപ്പിച്ചിരിക്കുന്നതു കാണുമ്പോൾ ഇദ്ദേഹം നമ്മുടെ തൊഴിലാളികളുടെ ഒരപ്പോസ്തലനായിത്തീരട്ടെ എന്നു് അനുവാചകർ അറിയാതെ അഭിലഷിച്ചുപോകുന്നു.

---

**വി. സൈമൺ സ്റേറാക്കിനു് ഉത്തരീയം നൽകിക്കൊണ്ടു് പരിശുദ്ധജനനി ഇപ്രകാരം അരുളിച്ചെയ്തു:—"ഈ വിശുദ്ധ വസ്ത്രം ധരിച്ചുകൊണ്ടു് മരിക്കുന്ന ഒരുവനും നിത്യനാശത്തിൽ ഉൾപ്പെടുകയില്ല. ഇതു രക്ഷയുടെ അടയാളവും ആപത്തിൽ ആശ്രയവും ശാശ്വത സ്നേഹത്തിൻേറയും സമാധാനത്തിൻേറയും ലക്ഷ്യവുമാകുന്നു."** കർമ്മലനാഥയുടെ ഉത്തരീയം.

# RELIGIOUS PERFECTION*

(Rev. Fr. ELISEUS O. C. D.)

On the programme of a Religious Week, the theme 'Religious Perfection' undoubtedly occupies an important place. Religious perfection is indeed the primary aim of religious life. A deeper knowledge of it is certainly beneficial to our souls; for a well-defined aim means greater power, energy and enthusiasm in its pursuit. The end is the principle that determines our activity.

Moreover, the times in which we live are so evil that the Religious have to become more conscious of the need of personal sanctity in order to fulfil more efficaciously their sublime mission as victims and mediators between the guilty world and the just God who threatens to punish it for its crimes. At such a time as this, if we Religious are not up to the height of perfection required of us by God, shall we stand the test of trials and persecutions which may be in store for us in a not distant future? Before God will separate the chaff from the wheat we can more profitably do that work within our souls. Rising above the conventional standard of mediocrity, let us live our religious life in such a manner that, on the day of God's harvesting not a single grain of chaff be found amongst us. In Malabar itself we form an army of about 7000 religious to fight the battle of God. Not a single soldier should desert our ranks when we shall be called out to fight our enemies in the open field. A clear idea of the goal of our life will equip us better by encouraging us in our efforts to acquire religious perfection. We shall, therefore, develop two main points of our theme which is so vast that volumes can be written about it. (1)

I–The ideal of Religious perfection,

II–The exigencies of Religious perfection.

## I. THE IDEAL OF RELIGIOUS PERFECTION

An ideal is at the same time something abstract and something concrete, under different aspects however. In the abstract the ideal of religious perfection signifies the concept of that spiritual perfection to which a religious ought to tend by his vocation and which he should attain as far as it depends upon him. In the concrete it means the partial and progressive realisation of that ideal in the practical day-to-day life. In other words, the ideal of religious perfection in the abstract means its theoretical consideration as regards its nature, principles, obligation etc. On the other hand, when we consider it concretely, our aim is to know how it is lived, what are the conditions of its conquest or simply, what are its exigencies. Of this we shall treat in the second part. Now we are concerned with the ideal of religious perfection in the abstract.

Since religious perfection is nothing else than the spiritual perfection to be acquired in the religious state of life we shall speak of

1. Spiritual perfection in general,
2. The religious state of perfection,
3. Spiritual perfection in particular or the divine union as the summit of the religious ideal of perfection.

### 1. Spiritual perfection in general

(*A*) *Notion:* "Each is said to be perfect in so far as it attains its own end which is the highest perfection of anything" (2) says St. Thomas Acquinas. We say that a plant is perfectly grown when it produces flowers and fruits which its nature requires of it. Since the ultimate end of man is God, his perfection consists in attaining God. Therefore absolutely

* Paper read during the religious week held in Thevara, Ernakulam on 27-30 December 1955.

(1) Cfr. Acta et Documenta Congressus Generalis de Statibus Perfectionis, 4 Volumes, Romae 1950.

(2) Summa Theol. IIa IIæ, Q. 184, a. 1.

speaking the ultimate perfection of spiritual life is not earthly ; it is the perfect possession of God in the beatific vision. But here we speak only of the spiritual perfection one can acquire in this life.

Perfection is the same as sanctity. We call Saints those in whose lives there is nothing imperfect from a moral and spiritual point of view. In the Christian scientific tradition of spirituality the notion of sanctity remains substantially the same though different terms are used to express it. The popular notion varies with times and persons. St. Francis de Sales humorously describes certain false conceptions prevalent even among some pious persons as to the nature of spiritual perfection (3).

The Angelic Doctor finds true sanctity in the perfection of charity. He says: "Essentially and first and foremost Christian perfection consists in the precept of charity towards God and the neighbour ; instrumentally in the counsels ordered to remove the obstacles to the act of charity" (4). This is also the summary of the doctrine of the Holy Scripture and the Fathers of the Church on this subject.

For St. Jnhn of the Cross spiritual perfection is a spiritual transformation manifested in the perfect conformity of the will of the soul with the will of God (5). Below we shall be speaking more elaborately of the nature of this transformation.

The notion of sanctity given by Pope Benedict XV is not different from that of the Mystical Doctor. According to the former "sanctity properly consists only in the conformity of soul to the divine will, manifested in a constant and exact fulfilment of the obligations of one's own state of life" (6). It is evident that among these obligations the first place is for that of the commandments of God and of the Church. They are the fundamental obligations of one as a Christian. Without fulfilling them exactly no one can hope to be spiritually perfect. Then come the obligations of the different states and walks of life. By reason of religious profession the Religious are bound to observe their vows, the rules and Constitutions of their Order and the orders of their superiors. Besides, there will be social, civil and professional duties to be performed according to the state or condition of each one's life. All these obligations are to be fulfilled for the love of God habitually, constantly and faithfully even in every detail of our life, as required by Him. This is to accomplish the will of God and thus to conform oneself perfectly to that supreme norm of sanctity or spiritual perfection. Therefore to be spiritually perfect in the supernatural order, your powers, passions and appetites must be informed by perfect habits of virtues, and your life must become an habitual exercise of them in a perfect degree, out of pure love for God and for His greater honour and glory. In other words, you have to know, love and serve God perfectly. This is the end of spiritual life here on earth.

(*B*) *Principles of Spiritual Perfection:* But this end being far above the natural capacity of man, God in His infinite Mercy raises the soul to the supernatural order by endowing it with what is called the supernatural organism which comprises the sanctifying grace, the infused virtues and the Gifts of the Holy Ghost. Each of these principles has its own function to fulfil in the soul.

Sanctifying grace is the vital and the fundamental principle of the supernatural life. It is a supernatural quality infused by God into the substance of the soul as a participation of the divine nature and of the divine life in a real and formal, but accidental manner. You know that the nature of a being is the root-cause or the radical capacity of its operations. Now the

(3) Introduction to A Devout Life, Part 1, ch. 1. (4) 1. c. art. 3. (5) Ascent of Mount Carmel = AM, Book II .ch. 5, n. 3. We quote from The Complete Works of Saint John of the Cross by P. Silverio de Santa Teresa, C. D., translated by E. Allison Peers, London, 1934 – 5.
(6) Acta Apostolicae Sedis (AAs.), 1920, p. 173.

divine nature, as we conceive it, is that which renders God radically capable of knowing and loving Himself as He is in reality. Being purely and infinitely spiritual, in God there can be only two operations ad intra. In fact, faith teaches this truth when it reveals the eternal generation of the Divine Son in the bosom of the Father and the procession of the Holy Spirit from the Father and the Son. This constitutes the mystery of the Holy Trinity, which is the proper intimate life of God.

The soul is called to partake in these divine operations i. e., to know and love God as He is in Himself. This the soul cannot do unless it has also the divine radical capacity which is given by the sanctifying grace. Hence it is a real participation of the divine nature.

But grace which is inherent in the substance of the soul renders it only remotely capable of attaining God by means of its operations. The soul is operative only through its faculties. Hence these are also to be raised to the supernatural order and even the very operations are to be supernaturalised. Now the faculties of the soul are raised to the supernatural level by means of the infused virtues and Gifts of the H. Ghost which flow forth from the sanctifying grace. It is not without reason that two series of supermatural principles, namely, the virtues and the Gifts, are found in the faculties. In the development of spiritual life the soul has to be active in the exercise of virtues and passive under the influence of God. The infused virtues are the principles of activity, and the Gifts, the principles of passivity. The important part the Gifts of the H. Ghost play in the perfection of the spiritual life is not sufficiently known and stressed by spiritual directors. It is the Gifts which enable the soul to operate in a superhuman manner–modo suprahumano–in the state of perfection.

Besides, God gives the soul different forms of actual grace–operating, co-operating etc.–so that the very operations of its faculties may be raised to the supernatural order not only from supernatural motives or from the part of the final cause, but also from the part of the efficient cause.

Thus you see that the soul of a christian who is just is well-equipped to reach the summit of spiritual perfection here on earth and to possess God for ever in the next world. Hence the question who all are called to spiritual perfection ?

(C) *Vocation to Spiritual Perfection:* A seed put into the ground under favourable atmospheric conditions cannot but germinate and grow according to its nature. Grace is a supernatural seed sown in the soul. It awakens in it a movement towards sanctity, for it is by nature sanctifying and urging to sanctity of life. For this purpose alone God has granted it to the soul Hence all those who have received the sanctifying grace together with the infused virtues and the Gifts of the Holy Ghost are called by God to spiritual perfection. That sanctity is the common vocation of all the Christians is a truth not sufficiently understood by the generality of them. The doctrine of the Holy Scriptures, of the Tradition and of the ordinary teaching of the Church is very clear on this point. The obligation of an ordinary christian to strive after perfection by doing more than what is commanded is so strict that, if he fails to do so, he may even endanger his eternal salvation. But among the Christians there are some who have received a special vocation to spiritual perfection. In this category of souls the Religious occupy the first place.

## 2. The Religious State of Perfection.

The Church being the Mother of Saints has always encouraged and promoted the life of perfection among her children. Her divine mission is to sanctify souls. Therefore it is also her duty to safeguard them from possible dangers and aberrations. In the measure in which the life of perfection became prominent in the Church and Societies were formed for that purpose, the interventions of the Church,

too, became more frequent and more necessary. To-day there exist three canonical states of perfection formally constituted as such by the approbation of the Church. They are the Religious Institutes, Societies of common life without vows and the Secular Institutes.

The religious life which is called the life of perfection par excellence has been the first state of perfection approved by the Church. This state of perfection to-day comprises innumerable Institutes-religious Orders and Congregations-which present a wonderful variety and unity at the same time, as in a musical concert. They greatly differ, it is true, one from another in the internal government and organization, in the particular end they pursue and in the doctrinal aspect of their life. This amazing variety proceeds from the infinite perfections of Christ whom they imitate after the teaching and the example of their respective founders. In this way the exuberant richness of the Gospel teaching is also kept shining in the Church. Certain Orders, for example the Carmelite Order, imitate Jesus in His life of continual prayer and union with God, while others, like the Benedictines, lay stress on the Liturgical cult in order to copy Christ's supreme worship of God. There are Orders, too, which, like the Franciscans, emphasise the absolute poverty of Christ. Again, innumerable are the Religious Institutes which underline Christ's preaching, His missionary spirit and His charity towards the poor and the sick. To know the blending and the shades of differences which exist among the various religious Orders and Congregations, one should study their legislation and the spirit of their founders and of the saintly members living or dead. The doctrinal aspect of a religious Institute has its repercussion on the practical organisation of its life according as it is predominantly contemplative or apostolic.

Whatever be the diversity of religious Institutes, all of them have certain elements in common. Their primary end is acquisition of personal sanctity, i. e. the evangelical perfection and the exercise of perfect charity. Religious life is the fullest affirmation of the christian ideal of spiritual perfection. The proper means for the Religious to attain this end is the observance of the three evangelical counsels of obedience, chastity and poverty to which each religious binds himself by public vows, acknowledged and received as such by the Church. This engagement is definitive and stable. Not only the public character of the vows, but also their stability is essential to the canonical state of religious life.

Besides, the Church generally demands of religious life also other elements which, though not essential, are nevertheless obligatory. Such are, for example, enclosure, common life regulating food, clothing and furniture etc. They are the additions of Christian tradition and are considered by the faithful as external signs of withdrawal from the world, internal solitude and real charity and fraternity which are at the bottom of the perfect religious life. Of the various elements vows, stability and common life are comprised in the definition of religious life, given by the Canon Law, n. 487. It says that by the religious state is meant "a stable manner of community life in which the faithful, besides observing the common precepts, bind themselves to the obserance of the evangelical counsels by the vows of obedience, chastity and poverty."

The vows and life in common are important factors in the religious life. The Canon Law not only points out common life as a sure means of acquiring perfection, but also imposes it on Religious as a serious obligation, nay, even sanctions it under severe punishment (C 2389).

The Religious Institutes are clearly distinguished from the Societies of common life, which form the second canonical state of perfection recognised by the Church. They imitate the Religious in their fraternity and common life, while giving the greatest possible freedom of action in the field of apostolate. Their primary end just as that of the Religious Institutes, is the acquisition of evangelical perfection and

the exercise of perfect charity. The means to attain this end is the observance of the three evangelical counsels to which each member binds himself not by public vows, but by oath, promise or even private vows.

The third State of Perfection under the name of Secular Institutes was officially approved by the Church in 1947 by the Papal Constitution "Provida Mater" (7). The characteristic of this new state of perfection is that it does not oblige its members even to community life. However, it is permitted to them where it is necessary. They, too, take no public vows; but have the same fundamental ideal as the Religious Institutes and the Societies of common life: tendency to perfection of charity by the practice of the evangelical counsels in a canonical state of life freely chosen.

Hence the three States of Perfection are inspired by the same evangelical ideal. All the three require perfect charity and total consecration of oneself to God (8). The proper and efficacious means to attain the perfection of charity is the observance of the three evangelical counsels to which they explicitly oblige themselves, but not with the same binding force. The nature of this obligation, its extent and various applications to practical life largely differ according to the Constitutions of each Institute.

Here one may ask: is it, then, necessary to join any of these Institutes to become perfect? Not at all. Although the institutional support is highly conducive to perfect sanctity, even an ordinary christian can become perfect without it, as the lives of so many Saints clearly testify. But for him also a necessary condition for the perfection of charity in which sanctity consists, is the practice of evangelical counsels at least according to their spirit in so far as his condition in life will permit and the inspiration of grace will demand.

But it must be pointed out that in the religious state of life the vows continually add the merit of the virtue of religion to the practice of the evangelical counsels, nay, to each and every act performed by the religious (9). Hence we can understand how great is the perfection which can be and should be acquired by a religious, called by God to the first and best of the canonical state of perfection. We are now going to speak about the nature of this sublime perfection which each religious is obliged to acquire personally in conformity with the particular ideal and spirit of his Order or Congregation.

### 3. Spiritual perfection in particular or the divine union

The religious life, we saw, is the plenitude of christian life. Hence vocation to religious life is vocation to the fulness of christian perfection. All the religious are proximately called by God to the summit of this perfection, although not to the same degree. This always remains and will remain the primary aim of the religious life. Other values and achievements of the religious Institutes in the field of christian culture and civilisation and even apostolate are only the connatural outcome of the practice of their religious ideal, namely, perfect sanctity or perfect union with God. What is this union?

According to St. John of the Cross it is a degree of perfection just below the beatific vision, hidden from the soul only by a thin veil of faith. On this degree of perfection the soul is so completely purified and embellished that it will have no need of passing through purgatory (10). The spiritual union which will be effected between a thoroughly purified soul and God is the greatest and the highest state of perfection attainable in this word (11). Though an obscure habit, it is a total and permanent union of the soul with God living in its centre.

Nevertheless, it cannot be identified with the natural union which is there always between God and every creature in so far as

(7) AAS. 1947 pp. 114-124. (8) Les Instituts Seculiers, Jean Beyer, S. J. Bruges, 1954, p. 149.
(9) Acta et Documenta...Vol. I, p. 188. (10) Dark Night=DN. Book II, ch. 6, n. 6. (11) AM. II/7/11.

He preserves its being (12), nor with the simple supernatural union in the just soul by means of the sanctifying grace, although this is a preequisite to the union of perfection. It is neither a simple transitory act of union nor a permanent actualization of the faculties of the soul in infused contemplation and love, which is reserved for the beatific vision. Also in this life the habit of union will certainly be followed by acts of union in the faculties of the soul; however their frequency, intensity and sentiment of perception will greatly differ even among the perfect souls (13).

The habit of supernatural union, which is the ideal of spiritual perfection, is a new manner of union to be effected in a soul already endowed with sanctifying grace. This comes to stand when there is likeness of love between the soul and God. Hence St. John of the Cross calls it "union of likeness" (14). It is the property of love to engender likeness between lovers, if it does not already exist. He calls it also union of transformation, for, as he says, it "comes to pass when the two wills-namely that of the soul and that of God-are conformed together in one, and there is naught in the one that is repugnant to the other. And thus, when the soul rids itself totally of that which is repugnant to the Divine will and conforms not with it, it is transformed in God through love" (15).

This perfect conformity, required of the soul for the divine union, is not only affective, but also effective, i. e. practised exteriorly in the accomplishment of its duties. It is not sufficient that the soul is free from the voluntary acts of imperfections; even their very habits should be removed from it.

Even though the union of likeness does not coincide with the simple union of sanctifying grace, it is wrought in proportion to the increase of this grace and love in the soul (16). The soul is "totally united and transformed in God supernaturally," when grace and charity have increased to such a degree that all its operations are perfectly conformed to the will of God and moved at bottom by His Holy Spirit in a superhuman manner.

This union of likeness or transformation, which, according to the Mystical Doctor, is the highest state of spiritual perfection, presents a triple characteristic: the soul's total conformity to the divine will, habitual divine motion in a superhuman manner, and perfect possession of the sanctifying grace, virtues and the Gifts of the Holy Ghost (17).

(a) *Total conformity of the soul with the will of God* takes place above all and formally in its will. The will, filled by charity and purified by continual self-abnegation of all that is displeasing to God, surrenders itself to the divine will in all things and with the whole strength, not only affectively, but also effectively.

The Little Flower says: "I do not wish but what he wishes; I love only what He does" (18). "Perfection is doing His will" (19).

There is more. The intellect, being enlightened by the supernatural light of faith, is attracted to the centre of the soul and conformed to God in every thought and judgement. This illumination of the understanding is an essential part of the union and follows the purification of the faculties. Finally the divine union transforms the entire man by extending its dominating influence to the sensitive powers as well nay, even down to the body itself.

In this state of union the only occupation of the soul is to love God with a practical love, which unites and unifies the manifold activities, intentions, sacrifices and sufferings of the soul. St. John of the Cross makes the soul say: "The memory, understanding and will, inward and outward senses, desires of the sensual part and of the spiritual part: all these work in love and for the sake of love, so that all that I do, I do with love and all that I suffer, I suffer with the

(12) AM. II/5/3. (13) Cfr. Art. "Education sanjuaniste" by P. Benjamin de la Trinite O. C. D. in Sanjuanistica, p. 312, Romae 1943. (14) AM. II/5/3. (15) Ibidem. (16) AM. II/5/4. (17) Sanjuanistica, O. cit. p. 312. (18) Autobiography, ch. XII. (19) Letters to Celine, 6th July, 1893.

pleasure of love" (20. In one word the soul concentrates all its forces on God alone.

"The strength of the soul consists in its faculties passions and desires, all of which are governed by the will. Now when these faculties, passions and desires are directed by the will toward God, and turned away from all that is not God, then the strength of the soul is kept for God, and thus the soul is able to love God with all its strength" (21).

It is only in this state of union that a soul perfectly accomplishes the first precept of God: "Thou shalt love the Lord thy God with all thine heart, and with all thy soul and with all thy might" (22). Here God becomes the centre of the life of the soul, which by a centripetal movement of love directs all its activities even to the minutest details for His glory in perfect conformity with His holy will. Now there is no self-seeking in the soul, no effort to satisfy its own inclinations, no self-centred activity. All its movements are orientated toward the only object of its love, namely, God Who has become thus the objective principle inspiring and directing all its actions in the order of the final causality. The soul has acquired such perfection that St. John of the Cross does not hesitate to say: it "becomes naught else than an altar whereon God is adored in praise and love and God alone is upon it" (23).

Hence the marvellous fecundity of the apostolate of such a soul, whether it is contemplative or active. Even in the active works it knows how to unite harmoniously Martha and Maria. The life of such a perfect soul procures greater glory for God and is more profitable to the Church than the lives of hundreds of others who are satisfied with a sluggish mediocrity.

It must be observed, however, that, since perfection has no limit, there are, so to speak, infinite degrees in the state of divine union. "There is no measure to be set in the end to which we tend, but only in the means" (24). Has not our Lord exhorted us: "Be perfect, as also your Heavenly Father is perfect" (25). The degree of the union partly depends on the purity of the soul, partly on the will of God Who predestines each soul to a certain degree and no more according to its capacity.

"......although in this life here below we find certain souls enjoying equal peace and tranquillity in the state of perfection, and each one of them satisfied, yet some of them may be many degrees higher than others. All, however, will be equally satisfied, because the capacity of each one is satisfied. But the soul that attains not to such a msasure of purity as is in conformity with its capacity never attains true peace and satisfaction." (26)

It is again the divine predestination of the souls that ultimately explains why certain souls have lasting perception of the vivifying presence of God and others only an obscure sentiment of divine action in them (27).

(b) *The second characteristic of the state of divine union* is the habitual motion of the soul by the H. Ghost. God, the unique object of the love of the soul becomes also the moving principle of its whole activity, not only in the order of the final causality, but also in that of efficient causality. The soul is so profoundly moved by Him in all its powers that they begin te act in a new manner–modo suprahumano. God gives the soul a new understanding, a new love, "a new aptitude according to all its faculties" so that "its operation, which before was human, has become divine" (28).

The human way of operation is by means of deliberation and reasoning. It is a slow process. In the state of divine union God takes over the active initiative of the soul and moves it to action, leaving it, ofcourse, perfect freedom to cooperate with Him God does this, because

(20) Spiritual Caniicle (B), str. 28, n. 8. (21) AM. III/16/2. (22) Deutern. VI/5. (23) AM. I/5/7. (24) Sum. Theol. II/II/148/3. (25) Matth. V/48. (26) AM. II/5/11. (27) The Divine Union in the Subida Del Monte Carmelo and the Noche Oscura of St. John of the Cross, by Rev. John J. McMahon, M. S. S. Washington, 1941, p. 160. (28) AM. I/5/7.

the soul has freely made Him its absolute Lord and Master.

"... the functions of the memory and of other faculties in this state are all divine; for, when at last God possesses the faculties and has become the entire master of them, through heir transformation into Himself, it is He Himself Who moves and commands them divinely, according to His Divine Spirit and will ..." (29). * * *

These superhuman operations become 'very ordinary" (30) in the soul, and even its first movements are brought under the divine influence (31). If at times the soul acts by its own initiative, this is done not with much effort or with deep reasoning, but "with sweetness and love, moved less by the activity of the soul itself than by God" (32). Such are the souls whom St. Paul calls children of God "Whosoever are led by the Spirit of God, they are the sons of God" (33). God has perfectly established His kingdom in them.

It is again to be noted that in this same state of perfection the motion of the H. Ghost is not always equally perceptible. It varies with the purity and the particular calling of each soul. St. Teresa of Infant Jesus who had reached the summit of perfection, nevertheless, did not habitually enjoy any sublime degree of infused contemplation and fruitive union unlike her spiritual Mother, the great St. Teresa of Avila.

(c) *The third characteristic of the divine union* is that here the soul possesses in perfection sanctifying grace, virtues and the Gifts of the H. Ghost. These are the very principles of our supernatural life. It is the prerogative of the state of divine union that here the virtues of the soul become heroic, as they are exercised by the impulse of the Holy Spirit. St. John of the Cross says: "...in this state the virtues are perfected in the soul and put into practice as works which are perfect and heroic" (34).

Charity being the root of merit, exercises the greatest influence on the growth of supernatural organism in the soul. The more you love God and conform yourself to His holy Will, the more grace and gifts are infused into your soul (35), and all other virtues, too, grow proportionately.

Summing up what we have seen regarding the nature of divine union, which is the highest possible religious perfection we can attain in this world and which is nothing else than the christian ideal of perfection in all its fulness we may say that this union implies 1) perfect conformity of the soul with the will of God in whatever manner this will is made known to it, 2) superhuman manner of soul's entire activity, because of the motion of the Holy Ghost, of which the intensity, extent and experience largely differs from soul to soul, according to its purity and divine vocation, and 3) full development or perfection of the habits of sanctifying grace virtues and the Gifts of the Holy Ghost in the soul.

Divine union, as expounded here, is the fulness of the ideal of spiritual perfection, to which we are invited by our dear Lord. But to be clear, it must be pointed out that the term of our immediate pursuit should be the acquisition of the full and perfect conformity of our will with the will of God. This is the minimum required to be perfect, and is the best preparation and disposition for higher degrees of union. When the soul, by its generous cooperation with the grace of God has attained this first degree and state of union, He usually but not necessarily, allows it to go higher still, the time and manner being left to Himself (36).

(*To be continued*)

(29) AM. III/2/8. (30) Ib. n. 16. (31) ib. 9. (32) AM. II/12/8. (33) Rom. VIII/14.
(34) Spiritual Canticle (B), str. 24/3. (35) AM. II/29/6. (36) St. John of the Cross, Doctor of divine Love, by Fr. Gabriel of St. Mary Magd O. C. D., London, 1940, p. 91.

കേരളത്തിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ
ജാനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശ്യങ്ങൾ —അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക,
മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ.

**വരിപ്പണം ആണ്ടൊന്നിനു് മുൻകൂർ ഒന്നരരൂപാ**

വരിപ്പണത്തിൻെറ മൂന്നിലൊന്നു് **കമ്മീഷൻ** ഏജൻറന്മാർക്കു്.

കത്തിടപാടുകൾക്കുള്ള മേൽവിലാസം:

വരിപ്പണം സംബന്ധിച്ചു്:—
മാനേജർ, "കാർമ്മൽ", സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം 1 P. O.

ലേഖനങ്ങൾ സംബന്ധിച്ചു്:—
പത്രാധിപർ, "കാർമ്മൽ", കർമ്മലീത്താ ആശ്രമം, തക്കല P. O.

## ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ

| | | ക. | ണ. | സ. |
|---|---|---|---|---|
| 1. | കർമ്മലമാതാവിനോടുള്ള പ്രാർത്ഥനകൾ | 0 | 2 | 6 |
| 2 | കർമ്മല മൂന്നാംസഭാ മാനുവൽ | 0 | 8 | 0 |
| 3. | കർമ്മലോത്തരീയഭക്തി | 0 | 1 | 0 |
| 4. | കർമ്മലീത്താ മൂന്നാംസഭാ പ്രാർത്ഥനകൾ | 0 | 2 | 0 |
| 5 | വി. യോഹന്നാൻ ക്രൂസിൻെറ കരുതലുകൾ | 0 | 1 | 6 |
| 6 | മരിയാനുകരണം | 0 | 10 | 0 |
| 7. | കല കമ്മ്യൂണിസ്റ്റ് റഷ്യയിൽ | 0 | 7 | 0 |
| 8. | മരിയമകനീശോ | 0 | 14 | 0 |
| 9. | സുകൃതസരണി | 1 | 14 | 0 |

*Manager*,
ST. JOSEPH'S PRESS,
TRIVANDRUM—1.

## ഈ ലക്കത്തിൽ

1. സത്യവിശ്വാസത്തിനു നൽകിയ വില .... .... .... 65
2. മേരി, ഭവനറാണി .... .... .... .... 67
3 മനുഷ്യസ്നേഹി .... .... .... .... 70
4. രക്ഷയുടെ അടയാളം .... .... .... .... 72
5. എന്തുകൊണ്ടാണു് ശാശ്വതഫലം കാണാത്തതു്? .... 75
6 ഉത്തരിപ്പുകടം .... .... .... .... 77
7. ദൈവസാന്നിദ്ധ്യസ്മരണ .... .... .... 81
8. പ്രയോജനമുള്ള ഒരു പടച്ചട്ട .... .... .... 82
9. ക്രിസ്ത്യാനിയുടെ മൂന്നു പവിഴമണികൾ .... .... 84
10. കർമ്മലനാഥ (ഗാനം) .... .... .... .... 85
11. വിശ്വാസദീപം (കവിത) .... .... .... 86
12. പുതിയ പുസ്തകങ്ങൾ .... .... .... .... 87
13. Religious perfection .... .... .... 89

# FRESH ARRIVALS

**Way of the Cross pictures (Italian)**

| | | | | |
|---|---|---|---|---|
| 19″ × 14″ size per set | 45 | 0 | 0 |
| 12″ × 9″ ,, ,, | 25 | 0 | 0 |
| 9″ × 4″ ,, ,, | 5 | 8 | 0 |

**Christmas greeting cards (Italian)**

| | | | |
|---|---|---|---|
| Big size per 100 | 9 | 8 | 0 |
| Small size ,, | 8 | 0 | 0 |

**Ready for Sale :**

| | | | |
|---|---|---|---|
| Happiness for priests : | 1 | 0 | 0 |

**In the Press :**

"MAN OF GOD"
(Life of Late Archbishop Benziger)

*Manager* :
ST. JOSEPH'S PRESS
*Trivandrum.*

# തിരുവുത്തരീയത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിന് വിവിധ തരത്തിലുള്ള കമനീയോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസന് 12 ണ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസന് 15 ണ. ചെറിയ തട്ടുള്ള പ്ലാസ്റ്റിക്ക പൊതിഞ്ഞ ഉത്തരീയം ഡസന് 1 ക. 2ണ., വലിയ തട്ടും നീളം കൂടിയ ചരടുമുള്ള പ്ലാസ്റ്റിക്ക പൊതിഞ്ഞ ഉത്തരീയം ഡസന് 1 ക. 8 ണ. കറുപ്പ്, ചുവപ്പ് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണ് സാധാരണയായി ഉത്തരീയത്തിന് ഉപയോഗിച്ചിരിക്കുന്നത്.

ഉത്തരീയഭക്തിയെ സംബന്ധിച്ച ചെറുപുസ്തകത്തിന് 1½ ണ. പ്രാർത്ഥനാസഹിതമുള്ളതിനു 2½ ണ. ഡസന് 2 കമ്മീഷനും നൽകുന്നതാണ്. കച്ചവടക്കാർക്ക്, 10 ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്ന പക്ഷം, ഡസന് 1 ണയും, 25 ഡസൻ ആവശ്യപ്പെടുന്നപക്ഷം 2 ണയും കമ്മീഷൻ കൊടുക്കുന്നതാണ്. എന്നാൽ അവക്ക് വി. പി. പി. ആയിട്ട അയച്ചുകൊടുക്കാൻ നിവൃത്തിയുള്ളു.

ഉത്തരീയത്തിൻെറ വില മണിഓർഡർ ആയോ ചെക്കായോ (Crossed Cheque) അയയ്ക്കാം. ചെക്ക് അയയ്ക്കുന്നവർ ദയവായി ബാങ്കുകമ്മീഷൻ കൂടെ അയച്ചുതരുവാൻ വിസ്മരിക്കരുത്. ഉത്തരീയത്തിൻെറ വില താമസംവിനാ അയച്ചാൽമാത്രമേ പുതിയ ഉത്തരീയങ്ങൾ വീണ്ടും തയ്യാറാക്കുന്നതിനു സാധിക്കയുള്ളു. ആകയാൽ ഇക്കാര്യത്തിൽ ഏവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു. ഉത്തരീയഭക്തരുടെ ആവശ്യാനുസരണം ഉത്തരീയം നൽകണമെന്നല്ലാതെ ലാഭമുണ്ടാക്കണമെന്ന ഉദ്ദേശ്യം ഞങ്ങൾക്കില്ല.

താഴെക്കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum- 1.


Edited by Very Rev. Fr Eliseus O. C. D., printed and published by Rev. Br. Fidelis O. C. D, at St. Joseph's Press, Trivandrum, with permission of Eccl. Superiors.